## അധ്യായം ഒന്ന്

# പോഞ്ഞിക്കര റാഫി:
# വ്യക്തി, സമൂഹം, സാഹിത്യം

മലയാള ഗദ്യസാഹിത്യശാഖയിലെ നവോത്ഥാനമുന്നേറ്റങ്ങൾക്കൊപ്പം രംഗപ്രവേശം ചെയ്ത എഴുത്തുകാരനാണ് പോഞ്ഞിക്കരറാഫി. തനിക്കു ചുറ്റുമുള്ള സമൂഹത്തെ സൂക്ഷ്മതയോടെ നിരീക്ഷിക്കുക, സാഹിത്യകൃതികളിൽ സമൂഹം അപഗ്രഥനവിധേയമാക്കുക എന്നിവ നവോത്ഥാനകാലഘട്ടത്തിലെ എഴുത്തുകാരുടെ സവിശേഷതയായിരുന്നു. കലജീവിതത്തിനുവേണ്ടി, നവലോകദർശനം, പുരോഗമനസാഹിത്യം എന്നീ പദങ്ങൾ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ഉയർന്നുകേട്ടത് ഇക്കാലത്താണ്. ഇന്ത്യൻ ദേശീയപ്രസ്ഥാനം, യുദ്ധാനന്തരലോകം എന്നീ സാഹചര്യങ്ങൾ കേരളത്തിലെ എഴുത്തുകാരിലും പുതിയ ഒരു ഭാവുകത്വത്തിന് തുടക്കമിട്ടു. പാശ്ചാത്യലോകത്ത് ഉദയംകൊണ്ട നവീനാശയങ്ങളുമായി പരിചയപ്പെടാൻ ലഭിച്ച അവസരങ്ങളും ഈ പരിണാമത്തെ ത്വരിതമാക്കി. വിവർത്തനകൃതികൾ വഴിയും എം.പി. പോൾ, കേസരി എ. ബാലകൃഷ്ണപിള്ള തുടങ്ങിയ നിരൂപകർ പരിചയപ്പെടുത്തിയ സാഹിത്യദർശനങ്ങളോടുള്ള ആഭിമുഖ്യംവഴിയും വ്യക്തി-സമൂഹം-സാഹിത്യം എന്നിവയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാനുള്ള പ്രേരണ കേരളത്തിലെ എഴുത്തുകാർക്ക് ലഭിച്ചു.

“ഒരു പ്രത്യേക കാലഘട്ടത്തിന്റെ ആത്മചൈതന്യത്തിന്റെ ഒരു രൂപത്തിലുള്ള ആവിഷ്കാരം മാത്രമാണ് സാഹിത്യം. അത് ഒരേസമയംതന്നെ വ്യക്തിപ്രതിഭാസവും സാമൂഹികപ്രതിഭാസവുമാണ്”[1] എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. സമകാല വ്യവസ്ഥിതിയുടെ രേഖപ്പെടുത്തലും ധൈഷണികജീവിതത്തിലെ സവിശേഷാവസ്ഥകളുടെ അടയാളപ്പെടുത്തലുകളുമായിട്ടാണ് ടെയ്ൻ (Hyppolyte Taine) സാഹിത്യത്തെ കാണുന്നത്.[2] വർഗ്ഗസ്വഭാവം, യുഗസ്വഭാവം, സമകാലീനമായ ചുറ്റുപാടുകൾ എന്നീ മൂന്നു ഘടകങ്ങളുടെ ഉല്പന്നമാണ് അദ്ദേഹത്തിന് സാഹിത്യം. ഓരോ വ്യക്തിയിലും അടിസ്ഥാനപരമായ ഒരു ധാർമ്മിക ബോധമുണ്ട്. മനുഷ്യനിൽ ഈ ധാർമ്മികാടിത്തറ നിർമ്മിക്കുന്ന മൂന്ന് ഉറവിടങ്ങളെ ടെയ്ൻ വ്യക്തമാക്കുന്നത് വംശം(race)പരിസരം (surroundings) കാലഘട്ടം(epoch )എന്നിങ്ങനെയാണ്[3]. വംശം എന്ന പരികല്പനയിൽ ശരീരഘടന, സവിശേഷ മനോഭാവ

ങ്ങൾ, പൈതൃകം, ചിന്താപരവും അനുഭവപരവുമായ യാഥാർത്ഥ്യങ്ങൾ എന്നിവയെ ഉൾപ്പെടുത്താം. വംശം ഒരു പ്രത്യേക സ്ഥലപരിധിയിലാണ് നിലയുറപ്പിച്ചിട്ടുള്ളത്. പരിസരങ്ങളോട് ബന്ധപ്പെടാതെ വംശത്തിന് നിലനില്പില്ല. കാലാവസ്ഥയും പ്രകൃതിവിഭവങ്ങളും വംശസ്വഭാവത്തെ ബാധിക്കാം. അതുപോലെ വംശവും പരിസ്ഥിതിയും ഏതെങ്കിലും ഒരു കാലഘട്ടത്തിലാണ് അർത്ഥപ്രസക്തിയുള്ളതാകുന്നത്. അതുകൊണ്ട് കാലഘട്ടത്തിനും വ്യക്തിപ്രതിഷ്ഠാപനത്തിൽ ഗണ്യമായ പങ്കുണ്ട്.

കഥാകൃത്ത്, നോവലിസ്റ്റ്, ദാർശനികൻ, ചരിത്രകാരൻ എന്നിങ്ങനെ ഭിന്ന രചനാവഴികൾ പരിശീലിച്ച ഒരെഴുത്തുകാരനാണ് പോഞ്ഞിക്കരറാഫി. റാഫിയുടെ എഴുത്തിന്റെ വിവിധഘട്ടങ്ങൾക്ക് ആധാരമായി വർത്തിച്ച പരിസരം, കാലഘട്ടം, വംശം, ധൈഷണികനിലപാടുകൾ എന്നിവയാണിവിടെ അന്വേഷിക്കുന്നത്. ഇവയെല്ലാം പോഞ്ഞിക്കരറാഫി എന്ന എഴുത്തുകാരന്റെ ജീവിതാവസ്ഥകളെ എങ്ങനെയെല്ലാം സ്വാധീനിച്ചു എന്ന് ഇവിടെ വിശദമാക്കുന്നു. പോഞ്ഞിക്കരറാഫിയുടെ കൃതികൾ, അനുഭവക്കുറിപ്പുകൾ, മറ്റുള്ളവരുടെ രചനകൾ, കത്തുകൾ എന്നിവയെല്ലാം ഈ അധ്യായത്തിന്റെ പരിധിയിൽ വരുന്നു. എഴുത്തുകാരനും ചിന്തകനുമായിരുന്ന ഒരു വ്യക്തിയുടെ ജീവിതം, ഒരു സവിശേഷകാലഘട്ടത്തെയും സാമൂഹികചുറ്റുപാടുകളെയും അപഗ്രഥിച്ചുകൊണ്ട് വിലയിരുത്തുകയാണ് ഈ അധ്യായത്തിൽ.

## പോഞ്ഞിക്കര : ഭൂമിശാസ്ത്രം, ചരിത്രം, സംസ്കാരം

ഭൂമിശാസ്ത്രപരമായി അടയാളപ്പെടുത്തുമ്പോൾ എറണാകുളത്തിന് പടിഞ്ഞാറും ഫോർട്ടുകൊച്ചിക്ക് വടക്കും മാറി സ്ഥിതിചെയ്യുന്ന ഒരു തുരുത്താണ് പോഞ്ഞിക്കര. പോഞ്ഞിക്കരയ്ക്ക് പടിഞ്ഞാറാണ് വല്ലാർപാടവും വൈപ്പിനും. വൈപ്പിൻദ്വീപിനോട് ചേർന്ന് അറബിക്കടൽ. പോഞ്ഞിക്കരയുടെ തെക്കു ഭാഗത്ത് വേമ്പനാട്ടു കായലും കിഴക്കും പടിഞ്ഞാറും പെരിയാറിന്റെ കൈവഴികളും. ഇത്തരത്തിൽ പുഴയും കായലും കടലും ചേർന്ന വിശാലമായ ജലമേഖലകൾക്കു

ള്ളിലാണ് പോഞ്ഞിക്കരദ്വീപിന്റെ ഭൂമിശാസ്ത്രപരമായ നില. ബോൾഗാട്ടി, പോഞ്ഞിക്കര, പൊന്നാരിമംഗലം, മുളവുകാട് എന്നിവ ഒരേ തുരുത്തിന്റെ തന്നെ വ്യത്യസ്തഭാഗങ്ങളാണ്. പോഞ്ഞിക്കര എന്ന സ്ഥലനാമത്തെക്കുറിച്ച് വി.വി. കെ.വാലത്ത് ഇങ്ങനെ അഭിപ്രായപ്പെടുന്നു."ലന്തക്കാർ (കുമ്പഞ്ഞിക്കാർ) താമസിച്ച മുളവുകാടിന്റെ ഭാഗമായ സ്ഥലത്തിന് നാട്ടുകാർ കുമ്പഞ്ഞിക്കരഎന്നു പേരിട്ടു. അത് ക്രമേണ പോഞ്ഞിക്കരയായി ലോപിച്ചു. ഇന്ന് മുളവുകാടിന്റെ തെക്കുഭാഗത്തെ പ്രശസ്തമായ ഒരു സ്ഥലമാണ് പോഞ്ഞിക്കര"[4] പോഞ്ഞിക്കരയുടെ ചരിത്രവും സംസ്കാരവും രൂപപ്പെട്ടതിനു പിന്നിലുള്ള അധിനിവേശസാഹചര്യങ്ങളെക്കുറിച്ചും പോഞ്ഞിക്കര ദ്വീപിലെ സമ്മിശ്ര ജനസംസ്കാരത്തെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെ: "കൊച്ചി തുറമുഖത്തിനടുത്ത ഒരു ചെറിയ ദ്വീപാണ് പോഞ്ഞിക്കര. ചരിത്രത്തിൽ കരവഴിയും കടൽവഴിയും കേരളത്തിൽ കടന്നുവന്ന സംസ്കാരാധിനിവേശങ്ങൾ പെട്ടെന്ന് പ്രകടമാകാൻ പാകത്തിലാണ് പോഞ്ഞിക്കരയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ്. അതുകൊണ്ടാണ് ഏതാണ്ട് മൂന്നരമൈൽ മാത്രം നീളമുള്ള പോഞ്ഞിക്കരയിൽ ലത്തീൻ കത്തോലിക്കരും നായന്മാരും പുലയന്മാരും ഈഴവരും അരയന്മാരും ആംഗ്ലോ ഇന്ത്യക്കാരും മുസ്ലീങ്ങളും റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരുമുള്ളത്"[5] ഡച്ചുകാർ നിർമ്മിച്ച ബോൾഗാട്ടി കൊട്ടാരം പോഞ്ഞിക്കരയുടെ തെക്കേയറ്റത്താണ്. എറണാകുളം നഗരത്തിന്റെയും കൊച്ചി തുറമുഖത്തിന്റെയും വികസിത ജീവിതശൈലികൾ പരിമിതവിഭവമായ ദ്വീപിന്റെ അനുഭവയാഥാർത്ഥ്യമായിരുന്നില്ല. "ദ്വീപോളമുള്ള ചിന്തയും ദ്വീപുപോലെയുള്ള മനസുമായിരുന്നു അവരുടേത്"[6] എന്ന വിലയിരുത്തൽ മുഖ്യധാരാജീവിതത്തിൽ നിന്നുള്ള ദ്വീപുവാസികളുടെ ഒറ്റപ്പെടലിന്റെ വിശദീകരണമാണ്. ഒറ്റപ്പെടലും ഒറ്റപ്പെടലുകൾക്കുള്ളിൽ സ്വയം തീർത്തെടുക്കുന്ന സമഗ്രതയും നെയ്തൽ തിണാവാസികളുടെ അടിസ്ഥാനഭാവമായ വിഷാദം, കാത്തിരിപ്പ് എന്നിവയും ദ്വീപുജീവിതത്തിന്റെ ഭാഗമാണ്. പോഞ്ഞിക്കരറാഫിയുടെ സാഹിത്യവ്യക്തിത്വത്തിന്റെ അടിസ്ഥാനഭാവവും ഏകാകിയായ ഒരു സ്വതന്ത്രാന്വേഷകന്റേതാണ്. ദ്വീപുസംസ്കാരത്തിന്റെ തനതു

ജീവിതശൈലികൾ റാഫിയുടെ സാഹിത്യജീവിതത്തിനു പിന്നിലുണ്ട്. മലയാളത്തിലെ ആദ്യത്തെ ദ്വീപിന്റെ എഴുത്തുകാരനായി റാഫിയെ ദേശപരമായി അടയാളപ്പെടുത്തുവാൻ കഴിയും. "തീരദേശ ലത്തീൻകത്തോലിക്കരുടെ ജീവിതം മലയാളസാഹിത്യത്തിലേക്കു വരുന്നത് പോഞ്ഞിക്കര റാഫിയുടെ കൃതികളിലൂടെയായിരുന്നു. അതിനൊരു തുടർച്ചയുണ്ടായില്ലെന്ന് മാത്രമല്ല ദൃശ്യമാധ്യമങ്ങൾ ആ ഭാഷയും സംസ്കാരവും തൊടാൻ അറയ്ക്കുകയും ചെയ്തു"[7].എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുമുണ്ട്.

ആംഗലസാഹിത്യത്തിൽ വിക്ടോറിയൻ കാലഘട്ടത്തിലെ പ്രശസ്ത നോവലിസ്റ്റായ തോമസ്ഹാർഡി 'വെസെക്സ്' എന്ന ദേശത്തെ സ്വകൃതികളിലൂടെ അനശ്വരമാക്കി. അദ്ദേഹത്തിന്റെ അണ്ടർ ദ ഗ്രീൻവുഡ് ട്രീ (1872) ഫാർ ഫ്രംദ മാഡിങ് ക്രൗഡ് (1874) തുടങ്ങിയ നോവലുകളിലെ ഗ്രാമപ്രകൃതി ഒരു പശ്ചാത്തലമായല്ല മുഖ്യകഥാപാത്രം തന്നെയായി വികസിക്കുന്നുണ്ട്. മലയാളത്തിലെ നവോത്ഥാന കഥാകൃത്തുക്കൾ മിക്കവരും ദേശത്തിന്റെ കഥാകാരന്മാരാണ്. തകഴിയുടെ കൃതികളിലെ 'കുട്ടനാടും','ആലപ്പുഴയും'ബഷീർ കൃതികളിലെ വൈക്കവും പരിസര പ്രദേശങ്ങളും എസ്.കെ.പൊറ്റക്കാടിന്റെ 'അതിരാണിപ്പാടവും' എം.ടി.വാസുദേവൻനായരുടെ 'കൂടല്ലൂരും' മറ്റും ആ എഴുത്തുകാരോടൊപ്പം തന്നെ പ്രശസ്തി നേടിയിട്ടുണ്ട്. പോഞ്ഞിക്കര ദ്വീപും പരിസരങ്ങളും ഉൾക്കൊള്ളുന്ന ചുറ്റുപാടുകളായിരുന്നു റാഫിയുടെ കൃതികളുടെയും ആർജ്ജിതമേഖല (Catching Area).

സ്വന്തം ഗ്രാമക്കാഴ്ചകളിൽ അടിയുറച്ചുനിന്നാണ് വിശാലലോകവീക്ഷണവും സമഗ്രമനുഷ്യദർശനവും റാഫി ആർജ്ജിച്ചത്. സ്വന്തം ദേശവും സ്വന്തം രചനയും തമ്മിലുള്ള ബന്ധം റാഫി വിശദമാക്കുന്നത് ഇങ്ങനെ: "കിഴക്ക് ദിനംപ്രതി വളരുന്ന പട്ടണം; തെക്ക് നങ്കൂരങ്ങൾ നുരയിളക്കുന്ന കൊച്ചിതുറമുഖം. അവയ്ക്കിടയിൽ വിശാലമായ നീലജലപ്പരപ്പിൽ, സാഗരസംഗീതത്തിൽ മയങ്ങിക്കിടക്കുന്ന പോഞ്ഞിക്കരയെന്ന എന്റെ ഗ്രാമം. അതിൽ വിതുമ്പുന്ന ഹൃദയത്തിന്റെ തേങ്ങലുകൾ അടക്കിക്കൊണ്ട് ഒതുങ്ങിക്കഴിയുന്ന കുറെ മനുഷ്യജീവികൾ; അവരെന്തേ ചിരി

ക്കാത്തത്? പ്രാപഞ്ചികപ്രയാണത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുചെല്ലാത്തത്? എന്റെ അന്വേഷണം അവിടെ നിന്നാരംഭിക്കുന്നു. ഈ ഗ്രാമത്തിന്റെ ആത്മാവിലൂടെ എന്നെത്തേടിയുള്ള പ്രയാണമായിരുന്നു പിന്നിട്ട അഞ്ചരദശകക്കാലം. അത് രൂപപ്പെടുത്തിത്തന്ന അലകുംപിടിയും എനിക്കു ചുറ്റുമുള്ള ഒരു കൂട്ടം മനുഷ്യജീവിതങ്ങളുടെ വേലിയേറ്റവും ഇറക്കവും വിലയിരുത്താൻ എന്നെ പഠിപ്പിച്ചു. ആ പാഠങ്ങൾ അവരുമായി പങ്കുവയ്ക്കാനുള്ള ശ്രമം മാത്രമേ ഞാൻ നടത്തിയിട്ടുള്ളു"[8] ദ്വീപിൽ ചികിത്സാസൗകര്യങ്ങളോ ഡോക്ടറോ നടപ്പാത തന്നെയോ ഇല്ലാതിരുന്ന സ്വന്തം യൗവനകാലം റാഫി അനുസ്മരിക്കുന്നുണ്ട്. പകർച്ചവ്യാധികൾ വ്യാപകമായിരുന്ന അക്കാലങ്ങളിൽ മിക്ക രാത്രികളിലും രോഗം മൂർച്ഛിച്ച നിസ്സഹായരുടെ മരണനിലവിളികൾ ദ്വീപുവൃത്തത്തെ വ്യസനിപ്പിച്ചിരുന്നു. ഇത്തരം ദുരന്താനുഭവങ്ങൾ തീർത്ത കടുത്ത സമ്മർദ്ദവും അസ്വസ്ഥതയുമാണ് റാഫിയിലെ സാഹിത്യകാരനെ മനുഷ്യോന്മുഖനാക്കിയത്. സ്വന്തം ജീവിതസാഹചര്യങ്ങൾ ഈ എഴുത്തുകാരനിൽ ഉണ്ടാക്കിയ ചിന്താപരമായ മാറ്റത്തെപ്പറ്റി അദ്ദേഹംതന്നെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "കഷ്ടതയനുഭവിക്കുന്ന എന്റെ പ്രിയപ്പെട്ട ഗ്രാമീണരുടെ ഉത്ഥാനത്തെ സ്വന്തം മന:സാക്ഷിയുടെ കടമയായി കണക്കാക്കുവാൻ ഞാൻ ശ്രമിച്ചു. തറവാടിത്തത്തിന്റെ മിഥ്യാബോധങ്ങൾ നെറ്റിചുളിച്ചപ്പോഴും പുരോഹിതവൃന്ദം തെമ്മാടിക്കുഴിയുടെയും വിലക്കുകളുടെയും ഭീഷണിമുഴക്കിയപ്പോഴും ധീരമായി വെല്ലുവിളിച്ചുകൊണ്ട് അവയെ നേരിടാനുള്ള കരുത്ത് എനിക്ക് നൽകിയത് ആ മന:സാക്ഷി തന്നെയാണ്. അതിന്റെ പ്രേരണകളെ എഴുതി നിരത്തുന്നതിനൊപ്പം പ്രാവർത്തികമാക്കാനുള്ള ശ്രമത്തിൽ സമാന്തരപാതകളിലൂടെയും നടന്നു. രാഷ്ട്രീയമായ ഇടപെടലുകൾ ഉണ്ടാകുന്നത് അങ്ങനെയാണ്"[9]. റാഫിയുടെ രചനകൾക്കു പിന്നിൽ പോഞ്ഞിക്കരയുടെ ഭൂമിശാസ്ത്രവും ചരിത്രവും സാമൂഹികാന്തരീക്ഷവും കലർന്നു കിടക്കുന്നത് വ്യക്തമാണ്.

### ഒരു സ്വപ്നദർശിയുടെ (Dreamer) ജീവിതം

പോഞ്ഞിക്കരയിലെ നടുവത്തേഴത്ത് എന്ന ലത്തീൻകത്തോലിക്കാ കുടും ബത്തിൽ, ശൗരിയാർജോസഫ്, അന്ന എന്നിവരുടെ മകനായി 1924 ഏപ്രിൽ പന്ത്ര ണ്ടിനാണ് റാഫിയുടെ ജനനം. നടുവത്തേഴത്ത് ജോസഫ്റാഫേൽ എന്നായിരുന്നു റാഫിയുടെ മുഴുവൻ പേര്. മരപ്പണി കുലത്തൊഴിലായിരുന്ന ആ കുടുംബത്തിലെ ഒൻപതു മക്കളിൽ ഏഴാമനായിരുന്നു റാഫി. ഒരു സങ്കരസംസ്കാരം ആ കുടുംബ പശ്ചാത്തലത്തിനുണ്ടായിരുന്നു. ഇതെക്കുറിച്ചുള്ള സൂചനകൾ റാഫിയുടെ തന്നെ 'ഫുട്ട്റൂൾ' എന്ന ആത്മോപാഖ്യാനപരമായ ചെറുകഥയിൽ ഉണ്ട്. കൂടാതെ റാഫി യുടെ സഹോദരപുത്രൻ ജോൺജോസഫുമായി നടത്തിയ അഭിമുഖത്തിൽ നിന്നും കുടുംബചരിത്രത്തെപ്പറ്റി പരമ്പരാഗതമായി പുലർത്തിപ്പോരുന്ന ചില അറിവുകൾ ലഭിച്ചിട്ടുണ്ട്. അതിങ്ങനെയാണ്: 'ഏതാണ്ട് നാനൂറ്, നാനൂറ്റമ്പത് വർഷങ്ങൾക്കു മുൻപ് മരക്കപ്പലുകൾ പണിതുകൊണ്ടുപോകുവാൻ പോർച്ചുഗലിൽ നിന്നും മരപ്പ ണിക്കാർ കൂടിയായ നാല് സായ്പ്പന്മാർ കൊച്ചിയിൽ എത്തിച്ചേർന്നു. അവരിൽ ഒരാൾ സ്വന്തം നാട്ടിലേക്ക് മടങ്ങിപ്പോകാതെ പെരുമ്പടപ്പുസ്വരൂപത്തിലെ ഒരു തമ്പു രാട്ടിയെ വിവാഹംചെയ്ത് ബോൾഗാട്ടിയിൽ താമസമുറപ്പിച്ചു. റാഫിയുടെ പൂർവ്വി കർ ബോൾഗാട്ടിയിൽ എത്തിയത് ഇപ്രകാരമാണ്.'[10] എന്നാൽ ആ കുടുംബപ്രതാ പവും സമ്പത്സമൃദ്ധിയും റാഫിയുടെ പിതാമഹൻ അച്ചക്കോ ശൗരിയാർ മേസ്തിരി യുടെ കാലമാകുമ്പോഴേക്കും പൂർണ്ണമായും നഷ്ടപ്പെട്ടു. കുടുംബ പ്രാരബ്ധങ്ങളും ചവിട്ടുനാടകഭ്രമവും ചേർന്ന് പരമ്പരാഗതമായ ഭൂസ്വത്ത് മുഴുവൻ നഷ്ടപ്പെടുത്തി. അങ്ങനെ പിതാമഹന്റെ കാലത്ത് അന്യന്റെ പറമ്പിൽ കുടികിടപ്പുകാരായി താമ സിക്കേണ്ട അവസ്ഥ കുടുംബത്തിനു വന്നുചേർന്നു. ഇതിനെപ്പറ്റി റാഫി ഇങ്ങനെ പരാമർശിക്കുന്നു:"എന്റെ പൂർവ്വികർ പോഞ്ഞിക്കരദ്വീപിലെ ഏറ്റവും പ്രമാണിമാർ ആയിരുന്നുവെന്നതിന് ഐതിഹ്യങ്ങളും തെളിവുകളുമെല്ലാം ഉണ്ടായിക്കൊള്ളട്ടെ. ഈ ഞാൻ ജനിച്ചുവളർന്നത് പാവപ്പെട്ട ഒരു മരപ്പണിക്കാരന്റെ കുടുംബത്തിലാണ്"[11] പോഞ്ഞിക്കര ദ്വീപുപോലെ നടുവത്തേഴത്തു കുടുംബവും റാഫിയുടെ വ്യക്തിത്വനിർമ്മിതിക്കു പിന്നിലുണ്ട്. കൊളോണിയൽസംസ്കാരത്തിന്റെ സങ്കരശൈ

ലികൾ പുലർത്തിപോന്ന ദ്വീപും കുടുംബവും റാഫിയുടെ ജീവിത വീക്ഷണങ്ങളെ യും ദർശനത്തെയും രൂപപ്പെടുത്തുന്നതിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. സ്വന്തം കൃതികളിൽ റാഫി ഇണക്കിച്ചേർക്കുന്ന സെമിറ്റിക് ഹൈന്ദവ മതദർശനങ്ങൾക്കു പിന്നിൽ ദ്വീപിലെ സാമൂഹ്യസാഹചര്യങ്ങളോടൊപ്പം ജനിതകാംശങ്ങളുടെ സ്വാധീനവും ചൂണ്ടിക്കാട്ടാവുന്നതാണ്.

റാഫിയുടെ ബാല്യകാലാനുഭവങ്ങളിൽ പ്രധാനം അദ്ദേഹത്തിനുണ്ടായിരുന്ന സ്വപ്നശീലമാണ്. ബാല്യംമുതൽക്കെ താൻ ഒരു സ്വപ്നദർശിയായിരുന്നുവെന്ന് റാഫിതന്നെ വ്യക്തമാക്കുന്നുണ്ട്.[12] സ്വർഗ്ഗദൂതൻ എന്ന നോവലിലെ നായകൻ സൈമനെപ്പോലെ'പൂവും കായും തിരിച്ചറിയാൻ തുടങ്ങിയ നാൾതൊട്ടേ സ്വപ്നങ്ങൾ' ഈ എഴുത്തുകാരന്റേയും കൂട്ടുകാരായിരുന്നു. ദ്വീപുജീവിതം തടസ്സപ്പെടുത്തിയ കാഴ്ചകളുടെ വിശാലതകളെ കണ്ടെത്താനുള്ള ശ്രമമായി റാഫിയിലെ സ്വപ്നശീലത്തെ വ്യാഖ്യാനിക്കാനാകും. ''സ്വപ്നത്തിന്റെ യഥാർത്ഥ സ്രഷ്ടാവ് അബോധവർത്തിയായ അന്തശ്ചോദന തന്നെയാണെന്നാണ് ഫ്രോയിഡിയൻ മതം''[13]. കുടുംബത്തിന്റെ ഗതകാലമഹത്വവും വർത്തമാനകാല ദുരിതസ്ഥിതിയും ചേർന്ന് സൃഷ്ടിച്ച അബോധാത്മകമായ മാനസികസംഘർഷങ്ങളും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളുമാണ് റാഫിയുടെ സ്വപ്നാത്മകവ്യക്തിത്വത്തിന്റെ അന്തർഭാവം. വസുധയെത്ത ന്നെ കുടുംബമായി കാണാനും ഭൂമിയുടെ നഷ്ടമഹത്വസങ്കല്പങ്ങളായ കൃതയുഗം,പറുദീസ, ശുക്രദശ, എന്നീ ആശയങ്ങളെ രചനയുടെ പ്രചോദനാത്മകമായ മുഖ്യതാളമാക്കി വികസിപ്പിക്കുവാനും പിന്നീട് റാഫിക്ക് കഴിയുന്നുണ്ട്. കലിയുഗം, പറുദീസാനഷ്ടം എന്നീ പരികല്പനകളെ ഭൂമി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാല ദുരിതസ്ഥിതികളുടെ പ്രതീകങ്ങളായാണ് റാഫി സ്വീകരിച്ചിട്ടുള്ളത്. മഹത്വപൂർണ്ണമായ ഒരു ഭാവിയെക്കുറിച്ചുള്ള സങ്കൽപത്തിലായിരുന്നു റാഫിയുടെ വ്യക്തിപരവും സാഹിത്യപരവുമായ സ്വപ്നങ്ങൾ കേന്ദ്രീകരിക്കപ്പെട്ടിരുന്നത്.

ദ്വീപിന്റെ പതിവു ജീവിതശൈലികൾക്കും സ്വന്തം സമുദായത്തിന്റെ കീഴ്വഴക്കങ്ങൾക്കും വിപരീതമായി റാഫിയുടെ കുടുംബത്തിന് കലാവാസനയും

സാധനാനൈപുണ്യവും കരഗതമായിരുന്നു. റാഫിയുടെ പിതാമഹൻ അച്ചക്കോ ശൗരിയാർ പോഞ്ഞിക്കരയിലെ പ്രസിദ്ധനായ ഒരു ചവിട്ടുനാടകഗുരുവും അഭിനേ താവും ആയിരുന്നു. റാഫിയുടെ പിതാവ് ശൗരിയാർ ജോസഫ് അറിയപ്പെടുന്ന നാടകനടനും ഗായകനും ആയിരുന്നു. റാഫിയുടെ സഹോദന്മാരിൽ ഒരാൾ-ജൂസഫ് സേവ്യർ-കർണ്ണാടകസംഗീത വിദഗ്ദ്ധനും ഹാർമോണിയംവിദ്വാനും സാഹിത്യ തല്പരനും മറ്റൊരാൾ-ജൂസഫ്ദേവസി-ചിത്രകലാ നിപുണനും ആയിരുന്നു. അക്കാലത്ത് പോഞ്ഞിക്കരയിൽ ഗ്രന്ഥശാല ഇല്ലാതിരുന്നതിനാൽ സാഹിത്യതല്പരനായ ജ്യേഷ്ഠൻ വൈപ്പിൻ ദ്വീപിലുള്ള ആശാൻസ്മാരക ഗ്രന്ഥശാലയിൽനിന്നും പുസ്തകങ്ങൾ വീട്ടിലെത്തിച്ചു വായിച്ചിരുന്നു. ഈ പുസ്തകങ്ങൾ പാരായണം ചെയ്താണ് റാഫിയും വിജ്ഞാനത്തിന്റെ വിശാലലോകം പരിചയപ്പെട്ടു തുടങ്ങുന്നത്. പുസ്തകങ്ങൾ വായിച്ച് സ്വപ്നദർശിയായ താൻ പുസ്തകങ്ങൾക്കും തനിക്കും ഇടയിൽ മാനസികപാലം തീർത്ത് നവിനാശയങ്ങളിലൂടെ സ്വപ്നസഞ്ചാരം നടത്തിയിരുന്നതായും റാഫി അനുസ്മരിക്കുന്നുണ്ട്[14]. കേവലം എട്ടുവയസ്സുള്ളപ്പോൾ തന്നെ ആരംഭിച്ച വായനാശീലം റാഫിയുടെ പിൽക്കാല സാഹിത്യസപര്യകൾക്ക് ഭദ്രമായ അടിത്തറയിട്ടു. സാമ്പത്തികക്ലേശം ഏറെയുണ്ടായിരുന്നുവെങ്കിലും സ്നേഹസമ്പന്നവും ആരോഗ്യകരവുമായ കുടുംബാന്തരീക്ഷമാണ് ബാല്യകാലത്ത് റാഫി അനുഭവിച്ചിരുന്നത്. സ്ഥലവും കുടുംബവും സമുദായവും നേരിട്ടിരുന്ന പരിമിതികളെ റാഫി വ്യക്തിപരമായി അതിജീവിച്ചിരുന്നത് സ്വപ്നദർശനത്തിലൂടെയും വായനാശീലത്തിലൂടെയും ആയിരുന്നു.

പോഞ്ഞിക്കരയിലെ സാധാരണക്കാർ അക്കാലത്ത് മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചിരുന്നില്ല. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം കുലത്തൊഴിലുകളിൽ ഏർപ്പെടുകയോ മത്സ്യബന്ധനം നടത്തുകയോ ചെയ്ത് ഉപജീവിക്കുക എന്നതിനപ്പുറം മറ്റുലക്ഷ്യങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ വ്യവസായനഗരമായ എറണാകുളത്തിന്റെ അനുദിനവികസനം വ്യവസായമേഖല സൃഷ്ടിക്കുന്ന തൊഴിൽസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്

പ്രിയം വർദ്ധിപ്പിച്ചു. വ്യവസായരംഗത്തെ തൊഴിൽസമ്പാദനത്തിന് സഹായകമാകുന്ന വിദ്യാഭ്യാസമാണ് റാഫിയും ആർജ്ജിച്ചത്. പോഞ്ഞിക്കര, പൊന്നാരിമംഗലം എന്നിവിടങ്ങളിലെ പ്രൈമറി സ്കൂളുകളിൽ അദ്ദേഹം ആറാംക്ലാസ്സ്‌വരെയുള്ള പഠനംനടത്തി. പിന്നീട് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് എറണാകുളം സെന്റ് ആൽബ്രട്ട്സ് സ്കൂളിൽ ചേർന്നെങ്കിലും പഠനം മുന്നോട്ടു കൊണ്ടുപോയില്ല. പെട്ടെന്നുള്ള തൊഴിൽസമ്പാദനം മുഖ്യലക്ഷ്യമായ്ക്കരുതി എറണാകുളത്ത് ഗവൺമെന്റ് ട്രേഡ്സ്കൂളിൽ ചേർന്ന് നാലുവർഷം കൊല്ലപ്പണി (Blacksmith) പഠിച്ചു. റാഫിയുടെ ഔപചാരിക വിദ്യാഭ്യാസഘട്ടം പൂർത്തിയാകുന്നത് ഇവിടെയാണ്. കുടുംബത്തിന്റെ സാമ്പത്തികപരാധീനതകളെ സ്നേഹപൂർണ്ണവും ധർമ്മാധിഷ്ഠിതവുമായ ജീവിതശീലങ്ങൾകൊണ്ടും വിദ്യാഭ്യാസപരിമിതികളെ കലാസിദ്ധി, വായനാസംസ്കാരം എന്നിവകൊണ്ടും മാറ്റിയെഴുതാൻ റാഫിക്ക് സാധിച്ചു. കുടുംബവും ദേശവും പിൻതുടർന്നുപോന്നിരുന്ന കൊളോണിയൽസംസ്കാരം ഉയർത്തിയ സംഘർഷങ്ങളെ നേരിടാനും അത്തരം വൈരുദ്ധ്യങ്ങളെ സമരസപ്പെടുത്താനുമുള്ള ആർജ്ജവം റാഫി നേടിയെടുത്തിരുന്നു. സ്വർഗ്ഗദൂതനിലെ 'നോഹയുടെപെട്ടകം' എന്ന മിത്തിന്റെ ആവിഷ്കാരവും 'കലിയുഗം'എന്ന കൃതിയിൽ അവതരിപ്പിക്കുന്ന ഏകലോക ദർശനവും മാർക്സിസത്തിലെ ആത്മീയത അന്വേഷിക്കുന്ന പഠനഗ്രന്ഥവും റാഫിയിൽ പ്രകടമായ ഈ സമവായദർശനത്തിന് ഉദാഹരണമാണ്.

## സാമുദായികാന്തരീക്ഷം : കലാപം, സമന്വയം

കേരളത്തിലെ ലത്തീൻക്രിസ്ത്യാനികളെക്കുറിച്ചും അവരുടെ മതജീവിതത്തെക്കുറിച്ചും ചരിത്രകാരന്മാർ ഇങ്ങനെ അഭിപ്രായപ്പെടുന്നു:"പോർച്ചുഗീസ് നാവികമേധാവി, വാസ്ഗോഡിഗാമ രണ്ടാമതും കേരളത്തിൽ വന്ന അവസരത്തിൽ (1502) കൊടുങ്ങല്ലൂരിലുണ്ടായിരുന്ന തോമാക്രിസ്ത്യാനികളിൽ (ക്നാനായ വടക്കും ഭാഗക്കാരിൽ) ഒരു ഗണം റോമാസഭയെ ആശ്ളേഷിച്ച് ലത്തീൻരീതി സ്വീകരിക്കുകയുണ്ടായി"[15]. "1542 ൽ വി. ഫ്രാൻസിസ് സേവ്യരുടെ പ്രബോധനത്താൽ ക്രിസ്ത്യാനികളായ പരവരാണ് തെക്കൻ കേരളത്തിൽ കടൽത്തീരങ്ങളിലുള്ള ലത്തീൻസമൂഹം"[16]

ഈ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ലത്തീൻ ക്രിസ്ത്യൻ സമൂഹത്തിന് അഞ്ഞൂറ് വർഷത്തിലധികം ചരിത്രമില്ല എന്ന് വ്യക്തമാകുന്നു. ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ ആചാരങ്ങളിലും ജീവിതത്തിലും യാഥാസ്ഥിതികശൈലികൾ നിലനിന്നിരുന്നു. ക്രൈസ്തവർക്ക് പൊതുവെയും ലത്തീൻ ക്രിസ്ത്യാനികൾക്ക് പ്രത്യേകിച്ചും പറയത്തക്ക കലാസാഹിത്യ പാരമ്പര്യമൊന്നും അവകാശപ്പെടാനുണ്ടായിരുന്നില്ല. വിദേശമിഷണറിമാരുടെയും നാട്ടുവൈദികരുടെയും സംഭാവനകൾ ഒഴിച്ചുനിർത്തിയാൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കിരി രചിച്ച പരിഷ്കാരപ്പാതി(1892),സി. അന്തപ്പായിയുടെ നാലുപേരിലൊരുത്തൻ (1893) ജോസഫ്മൂളിയലിന്റെ സുകുമാരി(1897)വാര്യത്ത് ചോറിപീറ്റർ രചിച്ച പരിഷ്കാരവിജയം(1906)തുടങ്ങിയ ഏതാനുംകൃതികൾ മാത്രമേ ക്രൈസ്തവരുടെ ഗദ്യസാഹിത്യ സംരംഭങ്ങളായി അക്കാലത്ത് അറിയപ്പെട്ടിരുന്നുള്ളു. സാഹിത്യത്തോടുള്ള ക്രൈസ്തവ സമീപനം പൊതുവെ സാഹിതീയമോ ജനകീയമോ ആയിരുന്നില്ല, ഏറെയും മതപരമായിരുന്നു. കണ്ടത്തിൽ വർഗീസ് മാപ്പിളയുടെയും മറ്റും പ്രവർത്തനഫലമായാണ് നാട്ടുകാരായ ക്രിസ്ത്യാനികൾക്ക് സാഹിത്യത്തോടുണ്ടായിരുന്ന അകൽച്ചയും അപരിചിതത്വവും നീങ്ങിതുടങ്ങുന്നത്.

താൻ പരിചയപ്പെട്ട മലയാള സാഹിത്യകൃതികളിൽ ക്രിസ്ത്യൻസമുദായാംഗങ്ങളായ നായകകഥാപാത്രങ്ങളെ കണ്ടെത്താനാകാത്തതിലുള്ള ഖേദം കൗമാരപ്രായത്തിൽ റാഫിക്കുണ്ടായിരുന്നു. സ്വസമുദായാംഗങ്ങളെ കഥാപാത്രങ്ങളാക്കുന്ന ചെറുകഥകൾ രചിക്കാൻ കഥാകൃത്തിനെ പ്രേരിപ്പിച്ച അടിസ്ഥാന ചോദന ഇതാണ്. ബഷീർ സ്വസമുദായാംഗങ്ങളെ കഥാപാത്രങ്ങളാക്കിയതിനു പിന്നിലുള്ള പ്രേരണയും ഇതുതന്നെയാണെന്ന് പ്രൊഫ.രമേഷ് ചന്ദ്രൻ അഭിപ്രായപ്പെടുന്നുണ്ട്.[17] മതവും മാനവികതയും തമ്മിലുണ്ടായ ആഘാതപ്രത്യാഘാതങ്ങളിൽനിന്ന് ഉരുവം കൊണ്ട സംഘാതം എന്ന നിലയിലാണ് റാഫിയിൽ വിമോചന ആത്മീയചിന്തകൾ രൂപംകൊള്ളുന്നത്. ക്രിസ്തുവിന്റെ മതം, സുഖലോലുപതയുടേതും കാരുണ്യരാഹിത്യത്തിന്റേതും ആകുന്നതിലെ വൈരുദ്ധ്യംസൃഷ്ടിച്ച അസന്തുഷ്ടി റാഫിയുടെ

വ്യക്തിപരവും സാഹിതീയവുമായ ജീവിതത്തിൽ പ്രകടമാണ്. നവോത്ഥാനകാല എഴുത്തുകാരായ എം.പി. പോൾ, പൊൻകുന്നം വർക്കി, സി.ജെ. തോമസ് പോഞ്ഞിക്കര റാഫി തുടങ്ങിയവരുടെ മതചിന്തകൾ ഏറെക്കുറെ സമാനങ്ങളാണ്. ദൈവം, മനുഷ്യൻ, പൗരോഹിത്യം, സഭ, മതജീവിതം എന്നിവയെ ഈ എഴുത്തുകാർ നിർവ്വചിച്ചത് തികച്ചും മാനവികമായ കാഴ്ചപ്പാടുകളിലൂന്നിയാണ്. മാനവികതയെ ഗൗരവമായി പരിഗണിക്കാത്ത പ്രത്യയശാസ്ത്രങ്ങളോടും സ്ഥാപനങ്ങളോടും യോജിച്ചുപോകുവാൻ ഇവർ വിസമ്മതിച്ചു. കർക്കശമായ നിയമാവലികളും ആചാരപരമായ ചട്ടക്കൂടുകളുമുള്ള കത്തോലിക്കാസഭയുടെ വ്യവസ്ഥകളോട് ഇവർ കലഹിച്ചതിനു കാരണവും മറ്റൊന്നല്ല. സമുദായ വിമർശനപരമായ ‘പാപികൾ’എന്ന നോവൽ പ്രസിദ്ധീകരിച്ചതിനെ തുടർന്ന് കുറെക്കാലം റാഫിക്ക് സഭയുടെ അച്ചടക്ക നടപടികൾക്ക് വിധേയനാകേണ്ടതായിവന്നു. എന്നാൽ തുടർന്നും സദാചാരപരമായ കാപട്യങ്ങളോടും ആചാരബദ്ധമായ സമുദായരീതികളോടും റാഫി വിട്ടുവിഴ്ചയില്ലാത്ത എതിർപ്പ് പുലർത്തിപ്പോന്നു. ആദ്യകാലത്ത് പ്രകടിപ്പിച്ചിരുന്ന കർക്കശസമീപനം റാഫിക്ക് സമുദായത്തോടും സമുദായത്തിന് റാഫിയോടും പിൽക്കാലത്തുണ്ടായിരുന്നില്ല. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്രം പഠിപ്പിക്കുന്നതിനുള്ള അവസരം റാഫിക്ക് പിന്നീട് സഭയിൽനിന്നും ലഭിക്കുകയും ചെയ്തു.

ബൈബിൾ സംസ്കാരത്തോടും ആത്മീയതയോടും പുലർത്തിയിരുന്ന ആരാധനാ മനോഭാവവും സമുദായത്തിൽ നിലനിന്നിരുന്ന ആചാരപരവും അധികാരപരവുമായ വ്യവസ്ഥകളോടുണ്ടായിരുന്ന ശക്തമായ വിയോജിപ്പും റാഫിയുടെ സാഹിത്യരചനകളുടെ പ്രേരകഘടകങ്ങളിൽ മുഖ്യമാണ്. ആദ്യകഥയായ ആന്റണിയുടെ വാഗ്ദാനം(1939) ആത്മീയമൂല്യങ്ങളോടുള്ള കഥാകൃത്തിന്റെ തീക്ഷ്ണാഭിരതിയെ ആവിഷ്കരിക്കുന്നു. ക്രിസ്തുവിന്റെ മാതാവ്, റെജീനയുടെ മരണം എന്നീ കഥകളും പാപികൾ എന്ന നോവലും ദൈവത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങൾക്കു നേരെയുള്ള കടുത്ത വിമർശനങ്ങളായി മാറുന്നു.

## വർഗ്ഗബോധത്തിന്റെ ഉണർവ്വുകൾ

തൊഴിൽമേഖലയാണ് റാഫിയിലെ വിപ്ലവകാരിയെ പ്രതികരണസജ്ജനാക്കിയ മറ്റൊരിടം. 1942ൽ പതിനെട്ടാം വയസ്സിലാണ് റാഫി കൊച്ചിൻ തുറമുഖ വർക്ക് ഷോപ്പിൽ ഫിറ്റർ ജോലിയിൽ പ്രവേശിച്ചത്. റാഫി ഒരു സാഹിത്യകാരനായും തൊഴിലാളിയായും പ്രവർത്തിച്ച ഘട്ടമാണിത്. തൊഴിൽമേഖല പ്രമേയമാകുന്ന ആദ്യകാല കൃതികൾ രചിക്കുന്നതും ഇക്കാലത്താണ്. പനമ്പിള്ളി ഗോവിന്ദമേനോൻ, പി.കൃഷ്ണ പിള്ള, മത്തായി മാഞ്ഞൂരാൻ, തുടങ്ങിയവരുടെ നേതൃത്വത്തിൽ ശക്തിപ്പെട്ടുകൊണ്ടിരുന്ന ട്രേഡ്യൂണിയൻ പ്രസ്ഥാനം തൊഴിലാളിയായ റാഫിയിൽ വർഗ്ഗബോധം ഉണർത്തി. അദ്ദേഹത്തിൽ രൂപപ്പെട്ടിരുന്ന നവസാമൂഹ്യബോധം പ്രകടമായതും തുറമുഖവർക്ക്ഷോപ്പിൽ സംഘടിപ്പിച്ച ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലൂടെയാണ്. സംഘടനാപ്രവർത്തനങ്ങൾ തന്നെയാണ് റാഫിക്ക് അവിടെയുണ്ടായിരുന്ന തൊഴിൽ നഷ്ടപ്പെടാൻ സാഹചര്യമൊരുക്കിയതും. പിന്നീട് 1943 ൽ ആലുവയിലെ ഇന്ത്യൻ അലുമിനിയം കമ്പനിയിൽ ഇലക്ട്രിക് ക്രെയിൻ ഓപ്പറേറ്ററായി ചേർന്നെങ്കിലും അവിടെയും തൊഴിലിൽ തുടരാൻ കഴിഞ്ഞില്ല. വർഗ്ഗബോധത്തിലുറച്ച റാഫിയുടെ സംഘടനാപ്രവർത്തനങ്ങൾ അംഗീകരിക്കാൻ തൊഴിലുടമയ്ക്ക് താല്പര്യമുണ്ടായിരുന്നില്ല. തുടർന്ന് തൃപ്തികരമല്ലാത്ത സ്വഭാവം എന്ന സർട്ടിഫിക്കേറ്റോടെ തൊഴിൽശാലയിൽനിന്നും പുറത്തായ റാഫിക്ക് താൻ അഭ്യസിച്ച തൊഴിൽചെയ്യുന്നതിനുള്ള അവസരം ലഭിച്ചില്ല. അപ്പോഴേക്കും റാഫി സാഹിത്യപ്രവർത്തനങ്ങളിൽ പൂർണ്ണമായും ശ്രദ്ധകേന്ദ്രീകരിച്ചു തുടങ്ങിയിരുന്നു.

1941ൽ എഴുതിയ 'സ്റ്റേഷനിലേക്ക്' എന്ന ചെറുകഥ 'സഹോദരൻ' പത്രത്തിൽ പ്രസിദ്ധീകൃതമായതിനുശേഷമാണ് നടുവത്തേഴത്ത് ജോസഫ് റാഫേൽ 'പോഞ്ഞിക്കര റാഫി' എന്നപേര് സ്വീകരിക്കുന്നത്. സഹോദരൻ കെ. അയ്യപ്പനാണ് പോഞ്ഞിക്കര റാഫി എന്നപേര് നിർദ്ദേശിച്ചത്. 1941 മുതൽ തന്നെ എറണാകുളം സെന്റ് ആൽബ്രട്ട്സ് പള്ളിവക വാരികയായ 'സത്യനാദം', മംഗലപ്പുഴ സെമിനാരിയിൽ നിന്നിറങ്ങിയിരുന്ന 'കത്തോലിക്കാകുടുംബം', കെ. അയ്യപ്പന്റെ 'സഹോദരൻ'

പി.കെ.ഡീവറിന്റെ 'വീരകേസരി'ഫോർട്ടുകൊച്ചിയിലെ ഫാസൻ പ്രിന്റ് ിംഗ് വർക്ക്സിൽ നിന്നിറങ്ങിയ'യുവകേരളം' എ.വി. വാസവൻ ആരംഭിച്ച 'ജനശക്തി' തുടങ്ങിയ ആനുകാലികങ്ങളിൽ അദ്ദേഹം ചെറുകഥകൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. കേസരിഎ.ബാലകൃഷ്ണപിള്ളയുടെ അവതാരികയോടുകൂടി 1945 ൽ ഭാവിഎന്ന ആദ്യകഥാസമാഹാരം പ്രസിദ്ധീകരിച്ചു. തകഴി ശിവശങ്കരപ്പിള്ളയും വൈക്കം മുഹമ്മദ് ബഷീറും പൊൻകുന്നം വർക്കിയും മറ്റും ശ്രദ്ധേയരായി നിറഞ്ഞുനിന്ന മലയാളസാഹിത്യമണ്ഡലത്തിൽ ഇക്കാലമായപ്പോഴേക്കും പോഞ്ഞിക്കര ദ്വീപുവാസിയായ നടുവത്തേഴത്ത് ജോസഫ് റാഫേൽ 'പോഞ്ഞിക്കര റാഫി'എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങി. അടിസ്ഥാനവർഗ്ഗജീവിതത്തിന്റെ ആവിഷ്കാരം മലയാള സാഹിത്യത്തിൽ പ്രബലമാകുന്ന ഒരു കാലഘട്ടമാണിത്.

കേശവദേവും ചെറുകാടും എ.പി. കളയ്ക്കാടും തൊഴിലാളിവർഗ്ഗജീവിതം അനുഭവയാഥാർത്ഥ്യമായി മലയാളവായനക്കാരിലേക്ക് എത്തിച്ചവരിൽ പ്രധാനികളാണ്. പോഞ്ഞിക്കരറാഫിയും ഇവരോടൊപ്പംതന്നെ തൊഴിലാളി പ്രശ്നങ്ങൾ കൈകാര്യംചെയ്ത എഴുത്തുകാരനാണ്. ഫാക്ടറി തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങളാണ് റാഫി തന്റെ കൃതികളിൽ ഏറെയും വിഷയമാക്കിയിട്ടുള്ളത്. വ്യവസായ തൊഴിലാളികൾ ഇടപെടുന്നത് മണ്ണിനോടും മനുഷ്യനോടുമല്ല. യന്ത്രം, ലാഭം എന്നിവകളോടാണ്. ഉല്പാദനകേന്ദ്രീകൃതമായ വ്യവസായ പ്രക്രിയയിൽ പലപ്പോഴും സാമ്പത്തികലാഭം ഉണ്ടാക്കുന്ന യന്ത്രങ്ങളായി പരിണമിക്കേണ്ടിവരുന്നവരാണ് ഈ മേഖലയിലെ തൊഴിലാളികൾ. യാന്ത്രികസാഹചര്യങ്ങൾ സ്വയം നിർണ്ണയത്തിനുള്ള അവസരംകൂടി അവർക്ക് നഷ്ടപ്പെടുത്തിയിരുന്നു. അടിസ്ഥാനാവശ്യങ്ങൾക്കുപോലും മതിയാകാത്ത വേതനവുമായി ജീവിതത്തെ അഭിമുഖീകരിക്കാൻ തൊഴിലാളികൾ ക്ലേശിക്കുന്ന സാഹചര്യത്തിലാണ് റാഫി തൊഴിലാളിയാകുന്നതും തൊഴിലാളിക്കഥകൾ രചിക്കുന്നതും. മനുഷ്യൻ അഭിമുഖീകരിക്കുന്ന കേവലയാഥാർത്ഥ്യങ്ങൾ അവന്റെ ഭൗതികജീവിതവുമായി ബന്ധപ്പെട്ടവയാണ്. ആ നിലയിൽ അന്നത്തെ തൊഴിലാളികളുടെ പ്രധാന ഭൗതികപ്രശ്നങ്ങളെ-വിശപ്പ്, രോഗം, അകാല മരണം,

കടഭാരം, അരക്ഷിതത്വം തുടങ്ങിയവയെ-അനുഭവതീവ്രതയോടെ റാഫി കഥകൾക്ക് വിഷയമായി സ്വീകരിച്ചു. സ്വർണ്ണവാച്ച്, അപ്പക്കഷണങ്ങൾ, ഭാവി, മായാത്ത ചിത്ര ങ്ങൾ, സ്റ്റേഷനിലേക്ക്, പെരുവഴിയിൽ, എന്നീ കഥകൾ തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങളോട് ഇടപെടുന്നവയാണ്.

സ്വന്തം കഥകളുടെ പശ്ചാത്തലം ഏറ്റവും സ്വാഭാവികവും യഥാർത്ഥവുമാ കണമെന്ന് റാഫിക്ക് താല്പര്യമുണ്ടായിരുന്നു. ഇക്കാര്യത്തിൽ നാച്ചുറലിസത്തിന്റെ വക്താവായ എമിലിസോളയുടെ മാതൃക റാഫി സ്വീകരിച്ചിട്ടുണ്ട്. ഓരോ കഥകളു ടേയും സാമൂഹ്യപശ്ചാത്തലം ഏറ്റവും സൂക്ഷ്മമാക്കുവാൻ യഥാർത്ഥ സംഭവങ്ങ ളുടെ വ്യക്തമായ വിവരങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്ന രീതി അവലംബിച്ചിട്ടുണ്ട് അദ്ദേ ഹം. ജീവിതസാഹചര്യങ്ങളുടെ നിരീക്ഷണ പരീക്ഷണങ്ങളിൽക്കൂടി എഴുത്തിനു വേണ്ട വിവരങ്ങൾ റാഫി സ്വരൂപിച്ചതിനെപ്പറ്റി തൂലികാചിത്രകാരൻ രേഖപ്പെടുത്തി യിട്ടുള്ളത് ഇങ്ങനെ: "റാഫിയുടെ നോട്ടുബുക്ക്, അല്ല പോക്കറ്റ്ബുക്ക്, അത് ആ യുവാവിന്റെ മിത്രങ്ങളുടെ ഇടയിൽ പ്രസിദ്ധമാണ്. റാഫി ഒരു പ്രത്യേക സ്വഭാവ ക്കാരനാണ്. പതുക്കെ മാത്രമേ നടക്കൂ. എന്തെങ്കിലും പ്രത്യേകത കണ്ടാൽ സൂക്ഷി ച്ചുനോക്കും. പഠിക്കും. ഓർമ്മിച്ചു വയ്ക്കേണ്ടതാണെങ്കിൽ നോട്ടുബുക്കിൽ കുറി ച്ചിടും."[18]സോളയുടെ നാനാഎന്ന നോവലിലെപ്പോലെ റാഫിയുടെ തൊഴിലാളിക്കഥ കളിലും പാപികൾ എന്ന നോവലിലും ദുഷിച്ചു നാറിയ സാമൂഹ്യജീവിതത്തിന്റെ മനംമടുപ്പിക്കുന്ന ചിത്രങ്ങൾ കാണാനാകും. വിശപ്പ്, ദാരിദ്ര്യം, ലൈംഗികത തുടങ്ങിയ വിഷയങ്ങൾ തീവ്രതയോടെ ആവിഷ്കരിക്കാൻ റിയലിസത്തിനേക്കാൾ നാച്ചുറലി സമാണ് കൂടുതൽ അഭികാമ്യം. റാഫിയും ഈ മാർഗ്ഗം കഥാരചനയിൽ ഗണ്യമായി ഉപയോഗിച്ചിട്ടുണ്ട്. റാഫിയുടെ തൊഴിലാളിക്കഥകളെ വിലയിരുത്തുമ്പോൾ എം. എസ് മേനോൻ ഇങ്ങനെ എഴുതുന്നു."കപടനാട്യക്കാരനായ ഒരു പ്രഭുവിന്നു ദരിദ്ര നായ ഒരു തൊഴിലാളിയോടുതോന്നുന്ന സഹതാപമായിരുന്നില്ല തന്റെ സഹജീവ കളായ തൊഴിലാളികളോടു റാഫിക്കുണ്ടായ സഹതാപം. നരകിക്കുന്ന തൊഴി ലാളികളുടെ കൂട്ടത്തിൽ അദ്ദേഹവും ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവരുടെ

ജീവിതം ഊഷ്മളമായി കഥകളിൽ പകർത്താൻ റാഫിക്ക് സാധിച്ചത്.''[19] റാഫിയെ മലയാളത്തിലെ ആദ്യത്തെ തൊഴിലാളിസാഹിത്യകാരനായി ചൂണ്ടിക്കാട്ടികൊണ്ട് ചങ്ങമ്പുഴ പറയുന്നതിങ്ങനെ: “മുഴുപ്പട്ടിണിക്കാരനും അർദ്ധപ്പട്ടിണിക്കാരനുമായ ഏഴകളുടേയും മഹാപ്രയത്നം ചെയ്തിട്ടും അരിഷ്ടിച്ചു മാത്രം ജീവിക്കുവാൻ സാധിക്കുന്ന മർദ്ദിതരായ തൊഴിലാളികളുടേയും ജീവിതം തികഞ്ഞസൂക്ഷ്മതയോടും കലാകുശലതയോടുംകൂടി ഹൃദയസ്പർശകമായ രീതിയിൽ ചിത്രീകരിക്കുന്നവയാണ് റാഫിയുടെ മിക്കകൃതികളും. മലയാളത്തിലെ ആദ്യത്തെ തൊഴിലാളി സാഹിത്യകാരനും റാഫി തന്നെ''[20]. ഈ നിരീക്ഷണങ്ങളിൽ വിപ്ലവകാരിയായ ഒരു തൊഴിലാളിയേയും മനുഷ്യസ്നേഹിയായ ഒരെഴുത്തുകാരനെയും കാണാൻ കഴിയും. ജീവിതാനുഭവങ്ങളുടെ കരുത്തും ഹ്യൂമനിസ്റ്റിന്റെ മനസ്സും റാഫിയിലെ എഴുത്തുകാരനെ രൂപപ്പെടുത്തുന്നതിൽ പ്രധാനപങ്കുവഹിച്ചിട്ടുണ്ട്.

## സാംസ്കാരികതയുടെ മേച്ചിൽപ്പുറങ്ങൾ

പത്രപ്രവർത്തകൻ, പ്രസാധകൻ, സാംസ്കാരിക സംഘടനാ പ്രവർത്തകൻ എന്നീ നിലകളിലും പോഞ്ഞിക്കര റാഫി പ്രവർത്തിച്ചിരുന്നു. മധ്യകേരളം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന സാഹിത്യകൂട്ടായ്മയിൽ 1946 മുതൽ റാഫി സജീവപങ്കാളിയായി. ഇക്കാലത്ത് തൊഴിൽതേടി തൃശൂരിൽ എത്തിയ റാഫിക്ക് അവിടെ പത്രപ്രവർത്തനത്തിനുള്ള അവസരം ലഭിച്ചു. ജോസഫ് മുണ്ടശ്ശേരി, ചങ്ങമ്പുഴ എന്നിവരുടെ നേതൃത്വത്തിൽ തൃശൂരിൽനിന്ന് മംഗളോദയം പ്രസിദ്ധീകൃതമാകുന്ന കാലമായിരുന്നു അത്. എഴുത്തുകാർക്ക് ന്യായമായ പ്രതിഫലം നൽകാനുള്ള മംഗളോദയത്തിന്റെ തീരുമാനം അക്കാലത്തെ എഴുത്തുകാരിൽ ഏറെ ഉത്സാഹം ഉണ്ടാക്കിയിരുന്നു. ഈ കാലയളവിനെ റാഫി ഇങ്ങനെ അനുസ്മരിക്കുന്നുണ്ട്. ''വിശപ്പ് എന്ന അഗ്നിദേവന് അരച്ചായയോ പച്ചവെള്ളമോ അർപ്പിച്ച് വിഷാദരൂപികളും വിപ്ലവകാരികളുമായി നടന്നിരുന്ന ഞാൻ ഉൾപ്പെടെയുള്ള സാഹിത്യകാരന്മാർ അങ്ങനെ നൂറിന്റെ നോട്ടുകാണാനും അത് കരസ്ഥമാക്കാനും തുടങ്ങിയത് ഇക്കാലത്താണ്. ‘എല്ലാ വഴികളും റോമിലേക്ക്’എന്ന പഴഞ്ചൊല്ലുപോലെ എല്ലാ സാഹിത്യകാര

ന്മാരും മംഗളോദയത്തിലേക്കാണ് അന്ന് വന്നുകൊണ്ടിരുന്നത്. കുറ്റിപ്പുഴകൃഷ്ണ പിള്ള, കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, എസ്.കെ. പൊറ്റക്കാട്, പൊൻകുന്നം വർക്കി, ഇ. എം. കോവൂർ, കെടാമംഗലം പപ്പുക്കുട്ടി തുടങ്ങിയവരെല്ലാം. അവരെ അതിഥികളായി സ്വീകരിച്ച് ചിലപ്പോൾ ചെറിയതോതിൽ ഞങ്ങൾ ആഘോഷങ്ങൾ നടത്താറുണ്ടായിരുന്നു. ഞങ്ങൾ എന്നുവെച്ചാൽ തൃശൂർ വാസികളായ മുണ്ടശ്ശേരി മാസ്റ്ററും ബഷീറും ചങ്ങമ്പുഴയും ഞാനും തന്നെ"[21]. 1947നു ശേഷമുള്ള ഒരു പതിറ്റാണ്ടുകാലത്തെ റാഫിയുടെ വ്യക്തിജീവിതം പ്രക്ഷുബ്ധവും അശാന്തവുമായിരുന്നു. വാതരോഗം ബാധിച്ച് ശയ്യാവലംബിയായ പിതാവിനെ ശുശ്രൂഷിക്കുന്നതിനും മറ്റുമായി 1947ൽ തന്നെ റാഫി തൃശൂരിൽനിന്നും പോഞ്ഞിക്കരയിലേക്ക് മടങ്ങി. അതേവർഷം എറണാകുളത്ത് ബഷീറുമായിചേർന്ന് 'സർക്കിൾ ബുക്ക് ഹൗസ്'എന്ന ഒരു പുസ്തകവില്പനശാല ആരംഭിച്ചു. അവിടെയും ഏറെക്കാലം തുടർന്നില്ല. പ്രസാധകർ, പത്രാധിപർ, പുസ്തകവില്പനക്കാരൻ എന്നീ വ്യത്യസ്ത മേഖലകളിൽ ഇക്കാലത്ത് റാഫി പ്രവർത്തിച്ചിരുന്നു. സുപ്രഭ, ഉദയം എന്നീ വാരികകളുടെയും ദീപം ഡെയ്‌ലി, ദീനബന്ധുഡെയ്‌ലി എന്നിവയുടെയും സി.എം. സ്റ്റീഫൻ മാനേജിംഗ്എഡിറ്റർ ആയിരുന്ന സോഷ്യലിസ്റ്റ് ലേബറിന്റെയും പത്രാധിപസംരംഭങ്ങളുമായി റാഫി വ്യത്യസ്ത നിലകളിൽ സഹകരിച്ചിരുന്നു. സി.ജെ. തോമസിനോടൊപ്പം ഡെമോക്രാറ്റ്വാരികയിൽ സഹപത്രാധിപരായും പ്രവർത്തിച്ചു. 1961 മുതൽ റാഫി സാഹിത്യപ്രവർത്തക സഹകരണസംഘത്തിൽ വ്യത്യസ്ത തസ്തികകളിൽ ഉദ്യോഗസ്ഥനായി പ്രവർത്തിച്ചിരുന്നു. 1965 മുതൽ എട്ടുവർഷം സമസ്തകേരള സാഹിത്യപരിഷത്ത് സെക്രട്ടറിയായി പ്രവർത്തിച്ചു. സാഹിത്യപരിഷത്തിന്റെ നിർവ്വാഹകസമിതി അംഗം, പ്രസ്മാനേജർ, വൈസ്പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

സാഹിത്യരചനയോടൊപ്പം ഏറ്റെടുത്തിരുന്ന പത്രപ്രവർത്തനവും മറ്റും റാഫിയുടെ സാഹിത്യതാല്പര്യങ്ങളെയും എഴുത്തിനെയും പ്രതികൂലമായി ബാധിച്ചിരുന്നു. ഈ ബോധം റാഫിയിൽ തന്നെയുണ്ടായിരുന്നു. അതിനെപ്പറ്റി അദ്ദേഹം ഇങ്ങ

നെപറയുന്നു: ‘‘പത്രപ്രവർത്തനത്തെ വാണിജ്യ താല്പര്യങ്ങളാണ് നിയന്ത്രിക്കുന്നത്. എന്നാൽ സർഗ്ഗപ്രക്രിയ തികഞ്ഞ ഏകാഗ്രത ആവശ്യപ്പെടുന്നു. ദൈവവുമായുള്ള ഒരു സംഭാഷണമായി അതിനെ കരുതേണ്ടതാണ്. സാഹിത്യരചനയിൽ ഏർപ്പെടുമ്പോൾ ഇതരവ്യാപാരങ്ങളിൽ ശ്രദ്ധിക്കുവാൻ എനിക്കു കഴിയാറില്ല. മറിച്ച് മറ്റുപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ സർഗ്ഗസൃഷ്ടിയിൽ മുഴുകുവാനും സാധിച്ചിരുന്നില്ല. സാഹിത്യകാരൻ എന്നനിലയിൽ എനിക്ക് സ്വകീയമായ ധാരണകളും രചനാശൈലിയും ഉണ്ട്. എന്നാൽ പത്രാധിപരാകുമ്പോൾ സ്വന്തമായ നിലപാടുകൾക്ക് പ്രസക്തിയില്ല. അവതരണത്തിലും വിലയിരുത്തലിലും അവിടെ സ്വകീയമല്ലാത്ത ഒരു ശൈലി പിന്തുടരേണ്ടിവരും’’[22]. എന്നിരുന്നാലും റാഫി ഈ പ്രവർത്തന മണ്ഡലങ്ങളെ ഏകോപിപ്പിച്ചു മുന്നോട്ടുകൊണ്ടുപോയി. സർഗ്ഗാത്മ പ്രവർത്തനങ്ങളിൽ റാഫി കാണിച്ചിരുന്ന സാവധാനതയെപ്പറ്റി ജമാൽ കൊച്ചങ്ങാടി ഇങ്ങനെ അഭിപ്രായപ്പെടുന്നു: ‘‘ധൈഷണികജീവിതത്തെ വിശുദ്ധമായിട്ടാണദ്ദേഹം കണ്ടത്. പല എഴുത്തുകാരും ഞാനൊരു പുതിയസാധനം എഴുതി എന്നിങ്ങനെ പറയുന്നത് കേൾക്കുമ്പോൾ റാഫിക്ക് അരിശമാണ്. സ്മാർത്തവിചാരണ ചെയ്ത് ഭ്രഷ്ട് കല്പിച്ച അന്തർജനത്തെ പണ്ട് നമ്പൂതിരിമാർ ജീവച്ഛവം എന്ന അർത്ഥത്തിൽ ‘സാധനം’ എന്നാണ് വിളിച്ചിരുന്നത്. സാഹിത്യകൃതികൾ ജീവച്ഛവങ്ങളാണോ? സാഹിത്യത്തെ അദ്ദേഹം ഒരു ജൈവയാഥാർത്ഥ്യമായിട്ടാണ് കണ്ടത്. അത് ഒരു പ്രൊഫഷൻ എന്നതിലുപരി ഞരമ്പുകളിൽ ചോരയോടൊപ്പം കലർന്നൊഴുകിയ ആത്മാർത്ഥതയായിരുന്നു. മറ്റൊരു ഉപജീവനമാർഗ്ഗം ഇല്ലാതിരിന്നിട്ടും സാഹിത്യത്തെ കേവലം ജീവിതോപാധിയായി കാണാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. വിവാഹത്തിനുശേഷം പ്രത്യേകിച്ചും’’[23].

ക്രിസ്ത്യാനികളായ കഥാപാത്രങ്ങളെ നായകന്മാരാക്കുക എന്ന സമുദായപരമായ പരിമിതലക്ഷ്യം പതിനഞ്ചാമത്തെ വയസ്സിൽ കഥാരചനയിലേക്ക് കടക്കുമ്പോൾ റാഫിക്കുണ്ടായിരുന്നു. എന്നാൽ പിന്നീട് ആ ലഘുവൃത്തം വിശാലമായ മനുഷ്യസമുദായ വീക്ഷണത്തിലേക്ക് പരിണമിക്കുന്നുണ്ടെന്നു കാണാം. കത്തോ

ലിക്കാ സമുദായഗാത്രത്തെ ബാധിച്ച പുഴുക്കുത്തുകൾ ചിത്രീകരിക്കുകയും സമുദായ നവീകരണത്തിന് ആഹ്വാനം നൽകുകയും ചെയ്യുന്ന 'പാപികൾ' എന്ന നോവലിൽത്തന്നെ ഈ ചിന്താപരിണാമം പ്രകടമാണ്. ദാരിദ്ര്യവും ക്ലേശവും ദൈവത്തെ കൂടുതൽ സ്നേഹിക്കാൻ ദൈവം നൽകുന്ന ദാനമാണെന്നും ഭൂമിയും ധനവും അതുപയോഗിക്കാൻ പ്രാപ്തിയുള്ളവർക്കു ദൈവം കൊടുക്കുന്ന അവകാശമാണെന്നും ഈ ദൈവവ്യവസ്ഥയെ എതിർക്കുന്ന കമ്മ്യൂണിസത്തെ നിർമ്മാർജ്ജനം ചെയ്യേണ്ടത് വിശ്വാസിയുടെ ദൗത്യമാണെന്നും പ്രസംഗിക്കുന്ന പാപികളിലെ ഫാ.മർക്കടമുറ്റത്തിനോടുള്ള കഥാനായകൻ അഗസ്റ്റിന്റെ പ്രതികരണത്തിൽ മതനേതൃത്വത്തോടുള്ള റാഫിയുടെ നിലപാടുകൾ വ്യക്തമാകുന്നുണ്ട്. "ഇരുട്ടിന്റെ മറവിൽ കാച്ചിലും ചേമ്പും കിഴങ്ങും കടതെരഞ്ഞു മാന്തി കട്ടുതിന്നുന്ന പെരുച്ചാഴിയെപ്പോലെ ജനങ്ങളെ മതത്തിന്റെ അന്ധകാരത്തിലകപ്പെടുത്തി സ്വന്തം വയറും മടിശ്ശീലകളും വീർപ്പിക്കുവാൻ ലജ്ജയില്ലാത്ത പുരോഹിത സമൂഹത്തിൽപ്പെട്ട ഒരുത്തന്റെ നാവിൽനിന്നാണ് ഈ അഭിപ്രായങ്ങൾ പുറപ്പെട്ടതെന്ന് ബോധമുണ്ടായിരുന്ന അഗസ്റ്റിൻ അതർഹിക്കുന്ന അവജ്ഞയോടെ തള്ളി"[24].മതമായിരുന്നില്ല, മനുഷ്യനായിരുന്നു റാഫിയുടെ വീക്ഷണകേന്ദ്രമെന്ന് ഇത്തരം പരാമർശങ്ങൾ തുറന്നുകാട്ടുന്നു.

നവോത്ഥാനഎഴുത്തുകാരിൽ മതാധിപത്യത്തോടും പൗരോഹിത്യത്തോടുമുള്ള പ്രതിഷേധം ശക്തമായിരുന്നു. മിക്ക സമുദായങ്ങളും മനുഷ്യ കേന്ദ്രീകൃതമായി ചിന്തിച്ചു തുടങ്ങിയ കാലമായിരുന്നു അത്. പൊൻകുന്നംവർക്കി, സി.ജെ.തോമസ് വി.ടി.ഭട്ടതിരിപ്പാട് തുടങ്ങിയവർ വിവിധഘട്ടങ്ങളിൽ മതത്തോടും സമുദായത്തോടും ശക്തമായി കലഹിച്ചിരുന്നു. എന്നാൽ ആത്മീയതയോടോ ദൈവസങ്കല്പത്തോടോ അയിരുന്നില്ല അവർ പ്രതിഷേധിച്ചത്. മറിച്ച് മനുഷ്യനെ ദ്രോഹിക്കുന്ന മതാധിപത്യപ്രവണതകളോടായിരുന്നു. നവോത്ഥാനത്തിന്റെ കേന്ദ്രസങ്കല്പം തന്നെ മനുഷ്യനായിരുന്നു. നവോത്ഥാന എഴുത്തുകാർ ഹ്യൂമനിസ്റ്റ് സങ്കല്പത്തെ പിന്തുടർന്നതിന് കാരണവുമിതായിരുന്നു. പോഞ്ഞിക്കര റാഫിയിലും ഈ പരിണാമം ദൃശ്യമാണ്.

ആദ്യകാലത്ത് സാമുദായിക കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ താല്പര്യം കാണിക്കുകയും പിന്നീട് സാഹിത്യരചനകളിൽ സാമുദായിക വിമർശനത്തിന് ഇടം കണ്ടെത്തുകയും ചെയ്തതിന്റെ കാരണവുമിതായിരുന്നു. മതാത്മകലോകത്തുനിന്ന് സാഹോദര്യത്തിലധിഷ്ഠിതമായ ഏകമനുഷ്യസമുദായം എന്ന ആദർശലോകത്തിലേക്ക് റാഫിയുടെ ചിന്ത വഴിമാറുന്നുണ്ട്. ഹ്യൂമനിസം, മാർക്സിസം, സോഷ്യലിസം തുടങ്ങിയ ദർശനങ്ങൾ റാഫിയുടെ ചിന്തയെ സ്വാധീനിച്ചിട്ടുണ്ട്. മറ്റു നവോത്ഥാന എഴുത്തുകാരെപ്പോലെ റാഫിയും മനുഷ്യകേന്ദ്രീകൃത കാഴ്ചപ്പാടുകൾക്കാണ് പ്രഥമസ്ഥാനം നൽകിയിരുന്നത്.

കീഴാളജനവിഭാഗങ്ങൾക്ക് അടിസ്ഥാന ജീവിതാവശ്യങ്ങൾ നിറവേറ്റാവാനാകാത്തവിധം നിലനിന്നിരുന്ന സാമൂഹ്യസാഹചര്യങ്ങളാണ് റാഫിയുടെ തൊഴിലാളിക്കഥകൾക്ക് ആധാരം. മനുഷ്യവർഗ്ഗം എന്ന വിപുലയാഥാർത്ഥ്യത്തിലേക്ക് തൊഴിലാളിവർഗ്ഗമെന്ന ചെറിയ സമൂഹത്തെയും റാഫി പിന്നീട് മാറ്റി പ്രതിഷ്ഠിക്കുന്നുണ്ട്. സഹോദര്യം, സ്നേഹം, സദാചാരം, മിതത്വം എന്നിങ്ങനെ റാഫിയുടെ കൃതികളിൽ പരിചയപ്പെടാൻ കഴിയുന്ന അടിസ്ഥാന മൂല്യവിചാരം കേവലം സമുദായപരമോ തൊഴിൽപരമോ അല്ല. മനുഷ്യമഹത്വാധിഷ്ഠിതമാണ്. മനുഷ്യവർഗ്ഗം അഭിമുഖീകരിക്കുന്ന ഭൗതികവും ആത്മീയവുമായ പ്രതിസന്ധികളെ വിലയിരുത്തുന്ന'കലിയുഗ'ത്തിൽ റാഫി സ്വന്തം വിമോചനതത്ത്വശാസ്ത്രം കൂടുതൽ സ്പഷ്ടമായി പ്രഖ്യാപിക്കുന്നുമുണ്ട്. സമുദായത്തിന്റെയും വർഗ്ഗത്തിന്റെയും സ്ഥാപനവൽകൃതപരിമിതികളെ പുറന്തള്ളിയ ഈ എഴുത്തുകാരനെ 'സ്വർഗ്ഗരാജ്യത്തിന്റെ പ്രഭാഷകനായി'[25] വിലയിരുത്തിയിട്ടുള്ളത് അർത്ഥപൂർണ്ണമാണ്. സ്വന്തം രചനോദ്ദേശ്യത്തെപ്പറ്റിയുള്ള ചോദ്യത്തിന് റാഫി ഇങ്ങനെ മറുപടി നൽകുന്നു. "സാമൂഹ്യതിന്മകളെ എതിർക്കാൻ വേണ്ടിയാണ് ആദ്യം എഴുത്തുതുടങ്ങിയത്. ഇപ്പോൾ എഴുതുന്നത് പ്രത്യക്ഷത്തിൽ വൈരുദ്ധ്യങ്ങളെന്നു തോന്നുന്നവയെ അനുരഞ്ജിപ്പിക്കുവാൻ, മനുഷ്യന്റേതായ ഒരു ലോകം ഉണ്ടാക്കാൻ; ആ ലോകം തന്നെയാണ് സ്വർഗ്ഗരാജ്യം."[26] സ്വർഗ്ഗം എന്ന മതകേന്ദ്രീകൃതസങ്കല്പത്തെ മനുഷ്യകേന്ദ്രീകൃതമായ സ്വർഗ്ഗസങ്കൽപ്പമായി പുനഃസൃഷ്ടിക്കുകയാണിവിടെ.

റാഫിയുടെ വ്യക്തിജീവിതത്തെയും സാഹിത്യജീവിതത്തെയും വൈചാരികമായി സ്വാധീനിച്ചിരുന്ന സുപ്രധാനഘടകമായിരുന്നു സുഹൃത്ബന്ധങ്ങൾ. കേസരി എ. ബാലകൃഷ്ണപിള്ളയുടെ സാഹിത്യവീക്ഷണങ്ങളും രചനാനിർദ്ദേശങ്ങളും നവോത്ഥാനകാലഘട്ടത്തിലെ പല എഴുത്തുകാർക്കും എന്നതുപോലെ റാഫിക്കും മാർഗ്ഗദർശനംനൽകിയിരുന്നു. ജി.ശങ്കരക്കുറുപ്പ്, വൈക്കംമുഹമ്മദ് ബഷീർ, സഹോദരൻ കെ.അയ്യപ്പൻ, കാരൂർനീലകണ്ഠപിള്ള, കുറ്റിപ്പുഴകൃഷ്ണപിള്ള, സി.ജെ.തോമസ്, അയ്യപ്പപ്പണിക്കർ, സുകുമാർ അഴീക്കോട്, കേശവദേവ്, കെ.പി. അച്യുതൻ, പി.കെ.ബാലകൃഷ്ണൻ എന്നിങ്ങനെ സാഹിത്യത്തിന്റെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ചിരുന്നവരുമായി പുലർത്തിപ്പോന്ന ഉടയാത്ത സുഹൃത്ബ ന്ധങ്ങളുടെ രേഖകളാണ് റാഫിയുടെ സ്വകാര്യഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിട്ടുള്ള സുഹൃത്തുക്കളുടെ കത്തുകൾ.(മാതൃക:അനുബന്ധം3) സ്വന്തം സുഹൃത്ബന്ധങ്ങളുടെ ആഴവും ആത്മാർത്ഥതയും'കടന്നുപോയദിവസങ്ങൾ' എന്ന ഓർമ്മക്കുറിപ്പുകളിൽ റാഫി വിവരിച്ചിട്ടുണ്ട്. ഇവരെക്കൂടാതെ മറ്റനേകം സാഹിത്യകാരന്മാർ, പത്രപ്രവർത്തകർ, മതാചാര്യന്മാർ, രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവരും റാഫിയുടെ സാഹിത്യജീവിതവുമായി നേരിട്ട് അടുപ്പം പുലർത്തിയിരുന്നു. അക്കൂട്ടത്തിൽ നടരാജഗുരുവിന്റേയും സ്വാമി സച്ചിദാനന്ദസരസ്വതിയുടേയും പേരുകൾ പ്രത്യേകം സ്മരണീയമാണ്. റാഫിയിലെ ദാർശനികവ്യക്തിത്വത്തെ കണ്ടെത്തുന്നതിലും വളർത്തുന്നതിലും ഈ ആചാര്യന്മാരുടെ സംഭാവനകൾ വിലപ്പെട്ടതാണ്.

റാഫിയുടെ ഏറ്റവുമടുത്ത സുഹൃത്ത് ഭാര്യ സെബീനയായിരുന്നു. 1963ലാണ് റാഫി എഴുത്തുകാരികൂടിയായ സെബീനയെ വിവാഹംചെയ്തത്. അതിനുശേഷമുള്ള പ്രധാനരചനകളെല്ലാം റാഫിദമ്പതിമാരുടെ സംയുക്ത കർത്തൃത്വത്തിലാണ് പ്രസിദ്ധീകൃതമായത്. റാഫിയേക്കാൾ അഞ്ചുവയസ്സു മുതിർന്ന സെബീനയെ 'മദർഗോഡസ്' എന്നാണ് റാഫി സ്നേഹപൂർവ്വം വിളിച്ചിരുന്നത്. കഥാകൃത്തും നോവലിസ്റ്റും നാടകകൃത്തും മറ്റുമായിരുന്ന പോഞ്ഞിക്കര റാഫിയെ ചരിത്രഗവേഷകനും തത്ത്വചിന്തകനും ആക്കുന്നതിൽ വലിയ പങ്കുവഹിച്ചത് സെബീനയാണ്. പ്രാഥ

മികവിദ്യാഭ്യാസം മാത്രം ഉണ്ടായിരുന്ന റാഫിയും ഇരട്ട ബിരുദാനന്തരബിരുദധാരി ണിയായ സെബീനയും തമ്മിൽ പുലർത്തിപ്പോന്ന സ്നേഹവിശ്വാസങ്ങളും പരസ്പര ബഹുമാനവും അവരുടെ പല സുഹൃത്തുക്കളും അനുസ്മരിച്ചിട്ടുണ്ട്. ‘‘ഇത്രമാത്രം ആത്മീയൈക്യം പ്രാപിച്ച ദമ്പതികളെ മറ്റെവിടെയെങ്കിലും കാണാൻകഴിയുമോ എന്നു സംശയമാണ്. അനപത്യതാദു:ഖംപോലും മറന്ന് തങ്ങളുടെ മാനസസന്തതികളെ താലോലിച്ചു കഴിയുന്ന റാഫി ദമ്പതികൾക്ക് റേഷനരിയെയും ഇലക്ട്രിസിറ്റി ബില്ലി നെയും വിരുന്നുകാരെയും കുറിച്ചല്ല പലപ്പോഴും സംസാരിക്കാനുണ്ടായിരുന്നത്. വ്യാസനേയും മോസ്സസിനേയും മാർക്സിനെയും കുറിച്ചൊക്കെയായിരുന്നു. സൗമ്യ മായ അവരുടെ കൊച്ചു തർക്കങ്ങൾ, കണ്ടെത്തലുകൾ എല്ലാം കേട്ടിരിക്കുമ്പോൾ ഇതൊരു അസാധാരണ കുടുംബമാണല്ലോ എന്ന് ഓർക്കാറുണ്ടായിരുന്നു.’’[27] ചിന്ത യിലും എഴുത്തിലും ജീവിതത്തിലും ഏകമനസ്സോടെയാണ് അവർ പ്രവർത്തിച്ച ത്. മലയാളസാഹിത്യത്തിലെ ആദ്യത്തെ സാഹിത്യകാരദമ്പതികളും അവർതന്നെ യാണ്.‘‘അവർ നല്ല ക്രിസ്ത്യാനികളായിരുന്നു. ക്രിസ്ത്യാനികളായി ജനിച്ചതുകൊ ണ്ടല്ല, ക്രിസ്ത്യാനികളായി ജീവിച്ചതുകൊണ്ടാണ് അങ്ങനെ പറയുന്നത്’’[28] എന്ന് വൈക്കം മുഹമ്മദ് ബഷീറും റാഫി ദമ്പതികളെ അനുസ്മരിക്കുന്നുണ്ട്. വിവാഹാ നന്തരം പോഞ്ഞിക്കരയിൽ പുതുതായി പണിയിച്ച വീട്ടിൽ സാഹിത്യസപര്യയിലും ചരിത്രാന്വേഷണത്തിലും സാമൂഹ്യപ്രവർത്തനങ്ങളിലും മുഴുകി അവർ ജീവിച്ചു. 1990 ജൂൺ 22ന് സെബീനയും 1992 സെപ്റ്റംബർ ആറിന് റാഫിയും അന്തരിച്ചു. ആംഗലകവിയായ റോബർട്ട് ബ്രൗണിംഗി(1812-1889)ന്റെയും കവയിത്രി എലിസബത്ത് ബാരറ്റി(1806-1861)ന്റെയും സർഗാത്മക കുടുംബജീവിതത്തോട് റാഫി, സെബീനാ ദമ്പതികളുടെ ജീവിതം സാമ്യപ്പെടുത്താവുന്നതാണ്.

**പ്രകൃതിസ്നേഹം, സംഗീതാഭിമുഖ്യം**

റാഫിക്ക് പ്രകൃതിയോടും ജീവജാലങ്ങളോടും വിശേഷപ്രതിപത്തി ഉണ്ടാ യിരുന്നു. ഇതിനെപ്പറ്റി ബോണിതോമസ് ഇങ്ങനെ രേഖപ്പെടുത്തുന്നു.‘‘പ്രകൃതിയിലെ ഒരു ഘടകം മറ്റൊരു ഘടകത്തിന്റെ കണ്ണിയാണെന്ന ബുദ്ധചിന്തയിൽ അധിഷ്ഠി തമായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതി സ്നേഹം’’[29].റാഫിയുടെ വീടിനു സമീപം

ചെടികളും മരങ്ങളും വള്ളിപ്പടർപ്പുകളും എല്ലാമായി ചെറിയൊരു വനത്തിന്റെ പ്രതീതി ഉണ്ടായിരുന്നു. ധാരാളം പക്ഷികളും മറ്റ് ജന്തുവർഗ്ഗങ്ങളും ഇവിടെ സ്ഥിര ക്കാരായും വിരുന്നുകാരായും പാർത്തിരുന്നു. ഇവയെ കൂടാതെ ആമകൾ, മയിലു കൾ, കൊത്തുകോഴികൾ, നായ്ക്കൾ, താറാവുകൾ, കുയിലുകൾ എന്നിങ്ങനെ പലതരം ജീവികളെയും പക്ഷികളെയും അദ്ദേഹം വീട്ടിൽ വളർത്തിയിരുന്നു. പ്രകൃ തിയുടെയും ജീവജാലങ്ങളുടേയും നിർമ്മലതയോട് ഇടപെടുമ്പോൾ നേർമ്മയുടെ നേർമ്മയിലേക്ക് അലിഞ്ഞു ചേരുന്നതുപോലെ ഒരു വികാരാനുഭൂതി താൻ അനുഭ വിച്ചിരുന്നതായി റാഫി രേഖപ്പെടുത്തുന്നുണ്ട്. 'ആർക്ക്'(പെട്ടകം)എന്നായിരുന്നു റാഫി സ്വന്തമായി പോഞ്ഞിക്കരയിൽ പണിയിച്ച വീടിന് നൽകിയ പേര്. പ്രളയ ത്തിൽനിന്നും ജീവജാലങ്ങളെയും മനുഷ്യരെയും രക്ഷിക്കാൻ പെട്ടകം നിർമ്മിച്ച നോഹയുടെ കഥയെ ഓർമ്മിപ്പിക്കുന്നതായിരുന്നു ഇത്. പ്രകൃതിയോടിണങ്ങിയ അതി ജീവനത്തിന്റെ ധർമ്മശാസ്ത്രമാണ് റാഫി സ്വീകരിച്ചിരുന്നത്. റാഫിയ്ക്കുണ്ടായി രുന്ന വിശ്വപ്രേമത്തിന്റെ ദൃഷ്ടാന്തം കൂടിയാണിത്. മനുഷ്യൻ പ്രകൃതിയോടിണങ്ങി നേടേണ്ട അനശ്വരത വ്യക്തിജീവിതത്തിലെന്നപോലെ റാഫിയുടെ സാഹിത്യവീക്ഷ ണത്തിലും ദൃശ്യമാകുന്നുണ്ട്.

സംഗീതം, ചിത്രരചന തുടങ്ങിയ കലാവിഭാഗങ്ങളോടും റാഫിക്ക് വിശേഷ പ്രതിപത്തിയുണ്ടായിരുന്നു. റാഫിയുടെ സംഗീതപ്രിയത്തെപ്പറ്റി പരാമർശിക്കുന്നതി ങ്ങനെ: "സംഗീതം പ്രാണനാണ്. പട്ടിണികിടന്നും ഗ്രാമഫോൺ റെക്കാർഡുകൾ വാങ്ങും, സ്വന്തമായി ഒരു ഗ്രാമഫോൺ ഉണ്ടായിരുന്നു. അതിനടുക്കൽ എത്രനേരം കഴിച്ചുകൂട്ടുന്നതിലും വിഷമമില്ല"[30]. റാഫിയുടെ സാഹിത്യഭാഷയുടെയും ഒരു പ്രധാന സവിശേഷത സംഗീതാത്മകതയാണ്. "നോവലിനെ ലയാത്മക സംഗീതപ്രപഞ്ചമാ ക്കുവാനുള്ള പ്രഥമ ശ്രമങ്ങളിലൊന്നായി സ്വർഗ്ഗദൂതനെന്ന ബോധധാരാനോവൽ ആദരിക്കപ്പെടും"[31] എന്ന്മലയാള നോവൽ സാഹിത്യചരിത്രത്തിൽ കെ.എം. തരകൻ നിരീക്ഷിക്കുന്നത് ഇവിടെ സ്മരണീയമാണ്.

**രാഷ്ട്രീയ നിലപാടുകൾ**

രാഷ്ട്രീയം, രാഷ്ട്രീയാതീത മാനവികത ഇവയെപ്പറ്റി റാഫിക്ക് സ്വന്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. കോൺഗ്രസ്പാർട്ടിയിലും കമ്യൂണിസ്റ്റ്പാർട്ടിയിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഗാന്ധിയൻ ആദർശങ്ങളോടുള്ള അനുഭാവമാണ് കോൺഗ്രസ്പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചത്. എന്നാൽ അധികം കഴിയുന്നതിനു മുൻപെ കോൺഗ്രസിൽ വന്നുചേർന്ന മൂല്യച്യുതിയിലുണ്ടായ അമർഷവും കമ്യൂണിസ്റ്റ് പാർട്ടിയോട് ഉയർന്നു വന്ന മാനസികൈക്യവും റാഫിയെ കമ്യൂണിസ്റ്റാക്കി മാറ്റി. 1942 മുതൽ 1946 വരെ റാഫി കമ്യൂണിസ്റ്റ്പാർട്ടി പ്രവർത്തകനായിരുന്നു. കമ്യൂണിസ്റ്റ് ആശയഗതികളോട് വിധേയത്വം പ്രകടിപ്പിക്കുന്ന കഥകൾ ഈ ഘട്ടത്തിൽ എഴുതിയവയാണ്. 1946-നൊടുവിൽ പാർട്ടിപ്രവർത്തനങ്ങളുമായി യോജിക്കുവാനാകാതെ രാഷ്ട്രീയഇടപെടലുകൾ ഉപേക്ഷിച്ചു.

## ആത്മാന്വേഷണത്തിലെ സംഘർഷങ്ങൾ

റാഫി ഒരു ആത്മാന്വേഷിയായിരുന്നു. സത്യാന്വേഷണതല്പരനായ ഒരു സന്ദേഹിയുടെ സ്വത്വസംഘർഷം (Identitycrisis of a skeptic) അദ്ദേഹം അനുഭവിച്ചിരുന്നു. "ആത്മവിചാരത്തിൽ മുഴുകിയവരുടെ കല മൗനത്തിന്റെ കലയാണ്. ഇവിടെ എഴുത്തുകാരൻ അന്തർഭാഗത്തേക്കു തിരിച്ച ചേതനയോടുകൂടിയവനായിത്തീരുന്നു. എല്ലാം ഉള്ളിലൊതുക്കുന്ന മുനിയുടെ നിലയിലേക്ക് അയാൾ മാറുന്നു"[32]. എന്ന കെ.പി.അപ്പന്റെ നിരീക്ഷണത്തിന് റാഫിയുടെ വ്യക്തിജീവിതത്തിലും സാഹിത്യജീവിതത്തിലും സാധൂകരണം ഉണ്ട്.

സ്വന്തം ജീവിതത്തിൽ ഈ എഴുത്തുകാരൻ പുലർത്തിയിരുന്ന സന്ദേഹങ്ങളും സത്യാന്വേഷണങ്ങളും അവയിൽ നിന്നുമെത്തിച്ചേരുന്ന നിഗമനങ്ങളും സാഹിത്യകൃതിയിൽ പ്രതിഫലിക്കുന്നതിന് ഒരുദാഹരണം സ്വർഗ്ഗദൂതനിൽ നിന്ന്:"എനിക്കോർമ്മ വച്ചകാലം മുതല്ക്ക് എന്റെ ഹൃദയത്തിന്റെ അഗാധതയിൽ ഒരിക്കലും വിട്ടുമാറാത്ത ഒരു കനൽ എങ്ങനെയോ കടന്നുകൂടിയിരുന്നു. നിങ്ങളോരോരുത്തരുടെയും ആദ്യസ്വരം കേട്ടപ്പോൾ ഞാൻ മതിമറന്നാഹ്ലാദിച്ചിട്ടുണ്ടെങ്കിലും

അപ്പോഴും എന്റെ ഹൃദയത്തിന്റെ ആഴത്തിൽ ആ അസ്വസ്ഥത ഒളിച്ചിരിക്കുന്നുണ്ടായിരുന്നു. അത് എപ്പോഴുമെപ്പോഴും ഉയർന്നുവന്ന് എന്നെ പീഡിപ്പിച്ചുകൊണ്ടിരുന്നു. വനാന്തരത്തിലെ വഴിതെറ്റിയ ഏകാകിയായ യാത്രക്കാരനെപ്പോലെ ഞാൻ നിസ്സഹായതാബോധത്തോടെ കഴിയുമ്പോഴാണ് അപ്പൂപ്പനിങ്ങനെ ഉപദേശിച്ചത്. ആ അസ്വസ്ഥതയെ ശപിക്കരുതെന്നും, ആശ്വാസം കരഗതമാക്കാനുള്ള ഒരേയൊരു മാർഗ്ഗം ആ അസ്വസ്ഥതയിലൂടെയുള്ള യാത്രയാണെന്നും......അപ്പൂപ്പന്റെ നേർക്കുള്ള സ്നേഹത്തിന്റെ പേരിൽ, അപ്പൂപ്പനിൽ നിറഞ്ഞിരുന്ന നന്മയുടെ പേരിൽ-ഞാൻ ആ ഉപദേശം മനസാവാചാകർമ്മണാ സ്വീകരിച്ചു”[33].നോഹയുടെ പിതാമഹനായ മെത്തുസെല്ലാഅപ്പൂപ്പൻ(ബൈബിളിൽ-മെഥൂശലഹ്, ഉല്പത്തി 5-28,29)നോഹയ്ക്കും നോഹ തന്റെ മക്കൾക്കും പകർന്നുകൊടുക്കുന്ന ജീവിതതത്ത്വശാസ്ത്രം നോവലിസ്റ്റ് സ്വന്തം അസ്വസ്ഥതകളിലൂടെ സഞ്ചരിച്ച് ആർജ്ജിച്ചെടുത്തതും സൈമൻ എന്ന കഥാപാത്രത്തിലൂടെ മനുഷ്യസമുദായത്തിന് കൈമാറാനാഗ്രഹിക്കുന്നതുമായ ജീവിതദർശനമാണ്. “നഷ്ടപ്പെട്ട പറുദീസ്സായെ വീണ്ടെടുക്കാലാണു മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. അതിനുവേണ്ടി ഒന്നാമതായി സ്രഷ്ടാവായ ദൈവത്തെ സ്നേഹിക്കുക; രണ്ടാമതായി ദൈവത്തിന്റെ അംശമായ പ്രപഞ്ചത്തെയും സ്നേഹിക്കുക. സ്നേഹിക്കുക എന്നതിന്റെ അർത്ഥം അവനവനെ മുഴുവനായി കൊടുക്കുക എന്നുതന്നെ. അതെങ്ങനെ സാധിക്കും?പൂർവ്വികരുടെ നന്മതിന്മകളുടെ വെളിച്ചത്തിൽ അവനവനെ കണ്ടെത്തുക; പൂർവ്വികരുടെ രക്തമാംസാസ്ഥികളിൽ നാം ഉണ്ടായിരുന്നതുപോലെ നമ്മുടെ രക്തമാംസാസ്ഥികൾ തന്നെയാണ് അനന്തരതലമുറകളേയും സൃഷ്ടിക്കുന്നതെന്ന സത്യം മറക്കാതിരിക്കുക. നിർമ്മലമായ ഭാവിയ്ക്കുവേണ്ടി ഇന്നു നാം നമ്മെത്തന്നെ നിർമ്മലരാക്കിത്തീർക്കുക. പ്രവൃത്തിയിലൂടെ അവനവനെ വിശുദ്ധിപ്പെടുത്തി ഭാവിതലമുറകൾക്ക് സമർപ്പിക്കുക”[34]. നിസ്വാർത്ഥസ്നേഹത്തിന്റെയും ആത്മശുദ്ധീകരണത്തിന്റെയും കർമ്മമഹത്വത്തിന്റെയും പ്രാധാന്യം അംഗീകരിക്കുന്ന ദർശനമാണിവിടെ റാഫി അവതരിപ്പിക്കുന്നത്. വ്യക്തമാക്കുവാൻ സാധിക്കാത്ത അസ്വസ്ഥതയും അതിൽനിന്നുണ്ടാകുന്ന അന്വേഷണവും അന്വേഷണത്തിലൂടെ എത്തിച്ചേരുന്ന ആത്മബോധവും റാഫിയുടെ വ്യക്തിപരവും സാഹിത്യപരവുമായ അവബോധങ്ങളെ ആഴവും പരപ്പും ഉള്ളതാക്കുന്നു.

റാഫിയുടെ വ്യക്തിജീവിതവും സർഗ്ഗാത്മക ജീവിതവും തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നു. അത് ഇങ്ങനെ സംഗ്രഹിക്കാം. റാഫിയുടെ സാഹിത്യസ്വത്വനിർമ്മിതിയിൽ കുടുംബം, ദേശം, സമുദായം, തൊഴിൽ, വിദ്യാഭ്യാസം, സുഹൃത്തുക്കൾ, വ്യക്തിപരമായ നിലപാടുകൾ, മൗലികാന്വേഷണങ്ങൾ എന്നിവയുടെ സ്വാധീനം പ്രകടമാണ്. റാഫിയുടെ വ്യക്തിത്വത്തിന്റെ മൂന്ന് പ്രധാന സവിശേഷതകൾ അദ്ദേഹത്തിൽ ഉരുവംകൊണ്ട വിപ്ലവാദർശനങ്ങൾ, വിമോചന സ്വപ്നങ്ങൾ, വൈരുദ്ധ്യങ്ങളെ ഏകോപിപ്പിക്കുന്നതിൽ പ്രകടിപ്പിച്ച ദാർശനികമായ ഉൾക്കാഴ്ച എന്നിവയാണ്. ഇവ റാഫിയുടെ സാഹിത്യകൃതികളുടെയും അടിസ്ഥാനസവിശേഷതകളാണ്. പരസ്പരപൂരകങ്ങളെങ്കിലും മേൽപ്പറഞ്ഞ സ്വഭാവങ്ങൾ പ്രകടമായ സ്വാധീനം ചെലുത്തിയ മേഖലകൾ വ്യത്യസ്തമാണ്. വിപ്ലവാദർശങ്ങൾ ഭൗതികമാറ്റങ്ങൾ ലക്ഷ്യമാക്കി പ്രവർത്തിക്കുവാനും വിമോചനാഭിവാഞ്ഛ അഗാധമായ മാനസിക യാഥാർത്ഥ്യമായി വളർത്തിയെടുക്കുവാനും ദാർശനികത ഏകമാനവികതയ്ക്കായുള്ള ആത്മീയധാരണയായി വെളിപ്പെടുത്തുവാനും റാഫിക്കു സാധിച്ചു. താനുൾപ്പെടുന്ന സമൂഹത്തിന്റെ അനീതികളിലും തിന്മകളിലും മനുഷ്യസ്നേഹിയായ ഒരു വ്യക്തി എന്നനിലയിൽ റാഫി സ്വീകരിച്ച നിലപാട് അദ്ദേഹത്തിന്റെ നോവൽ, ചെറുകഥ തുടങ്ങിയ സാഹിത്യരൂപങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. മനുഷ്യപുരോഗതി, വിമോചനം എന്നീ നവോത്ഥാനചിന്തകൾ റാഫിയിൽ രൂഢമൂലമാകുന്ന കാലത്താണ് തത്ത്വചിന്ത, പഠനം, ഉപന്യാസം, ചരിത്രം എന്നീ മേഖലകളിലേക്ക് അദ്ദേഹം ശ്രദ്ധിച്ചുതുടങ്ങിയത്. ഇവയെ സമഗ്രമായി പരിഗണിക്കുമ്പോൾ സത്യാന്വേഷിയായ ഒരു സന്ദേഹിയായിട്ടാണ് റാഫി സാഹിത്യലോകത്തേക്കെത്തുന്നത്. സ്വന്തം സത്യാന്വേഷണം വ്യക്തമായ ദർശനങ്ങളായി അവതരിപ്പിക്കാനുള്ള ശ്രമമാണ് സ്വർഗ്ഗദൂതൻ തൊട്ടുള്ള റാഫിയുടെ പ്രധാനകൃതികൾ.

## കാലത്തിന്റെ സ്പന്ദനം : സാഹിത്യത്തിൽ

സാഹിത്യകാരന്റെ അനുഭവലോകം അയാൾ ജീവിച്ചിരുന്ന കാലഘട്ടത്തോട് ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. കേരളത്തിൽ സാമൂഹ്യപരിവർത്തനങ്ങൾ സജീ

വമായിരുന്ന സാഹചര്യത്തിലാണ് പോഞ്ഞിക്കര റാഫി സാഹിത്യ ജീവിതം ആരംഭിക്കുന്നത്. ഇംഗ്ലീഷിലെ 'റിണൈസാൻസ്' എന്ന സംജ്ഞ യൂറോപ്പിലുണ്ടായ അതിബൃഹത്തായ ഒരു നവീകരണം വ്യക്തമാക്കുന്നതാണ്. അവിടെ ജീവിതത്തിന്റെ എല്ലാമേഖലകളിലും 14 മുതൽ17 വരെയുള്ള നൂറ്റാണ്ടുകളിൽ വിപുലമായ പരിവർത്തനമുണ്ടായി. ഇത്തരം ഒരു മാറ്റം ഇന്ത്യയിൽ വ്യാപകമായ തോതിൽ സംഭവിക്കുന്നത് 19-ാം ശതകത്തിന്റെ രണ്ടാംപകുതിയിലും ഇരുപതാം ശതകത്തിന്റെ ആദ്യപകുതിയിലുമാണ്. ഇവിടെ നവോത്ഥാനവും, ആധുനികതയും കാലവ്യത്യാസം അധികമില്ലാതെ അടുത്തടുത്ത് കടന്നുവന്നതായികാണാം.

രാഷ്ട്രീയനവോത്ഥാനം, സാമൂഹ്യപരിഷ്കരണം എന്നിവ ഇന്ത്യയുടെ നവോത്ഥാനപ്രക്രിയയിലെ ശക്തമായ രണ്ട് ധാരകളായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ അസംതൃപ്തരായിരുന്ന ഭാരതജനത സ്വാതന്ത്ര്യസമ്പാദനത്തിനുള്ള സമരങ്ങൾക്കു തുടക്കമിട്ടകാലത്തുതന്നെ രാജാറാംമോഹൻറോയ്, രവീന്ദ്രനാഥടാഗോർ തുടങ്ങിയവരുടെ നേതൃത്വത്തിൽ സാമൂഹ്യാനീതികൾക്കു പരിഹാരംകാണാനുള്ള ശ്രമങ്ങളും ഉണ്ടായി. ഹിന്ദുമതനവീകരണസംരംഭങ്ങളായ രാമകൃഷ്ണമിഷൻ, ബ്രഹ്മസമാജം, ആര്യസമാജം, ബ്രഹ്മവിദ്യാസംഘം, തുടങ്ങിയ പ്രസ്ഥാനങ്ങൾ ആത്മീയമായ നവചൈതന്യം മതസങ്കല്പങ്ങളിൽ സൃഷ്ടിച്ചു. വിദേശമിഷണറിമാരുടെ പ്രവർത്തനങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം, അച്ചടിയുടെയും വായനയുടെയും പ്രചാരം, വ്യവസായവല്ക്കരണം, നിയമത്തിനു മുൻപിലുള്ള മേൽജാതി-കീഴ്ജാതി സമത്വം, തുടങ്ങിയവ സാമൂഹികമാറ്റത്തെ സഹായിച്ച മുഖ്യശക്തികളാണ്. ഇവകൂടാതെ മാർക്സിന്റെ സാമ്പത്തികശാസ്ത്രം, ഡാർവ്വിന്റെ പരിണാമവാദം, ഫ്രോയിഡിന്റെ മനശ്ശാസ്ത്രവിശകലനം, ജോൺലോക്കിന്റെ വ്യക്തിസ്വാതന്ത്ര്യവാദം തുടങ്ങിയവയുടെ പ്രചാരം ജനങ്ങളുടെ ചിന്താമണ്ഡലത്തെ നവീകരിക്കുന്നതിന് സഹായകമായി.

ആഗോളവ്യാപകമായ പരിവർത്തനങ്ങളും ഭാരതത്തിന്റെ സവിശേഷ പരിതോവസ്ഥകളും കേരളത്തിലെ വ്യതിരിക്തസാഹചര്യങ്ങളും ചേർത്താണ് കേരളത്തിലെ നവോത്ഥാനകാലഘട്ടത്തെ വിലയിരുത്തേണ്ടത്. ആഗോളതലത്തിൽ ഒരു

ഭാഗത്ത് ഒന്നാം ലോകയുദ്ധം സൃഷ്ടിച്ച ആശങ്കകളും സാമ്പത്തികാരാജകത്വവും ഫാസിസത്തിന്റെ ക്രൂരതകളും ആഗോളമാനവികതയെ വ്രണിതമാക്കി ക്കൊണ്ടിരുന്നു. അതേസമയം മറ്റൊരുഭാഗത്ത് സോഷ്യലിസ്റ്റ്ആശയങ്ങളുടെ പ്രചാരവും കോളനിവാഴ്ചയ്ക്കെതിരായി മുന്നേറിയ വിമോചനസമരങ്ങളുംവ്യക്തി സ്വാതന്ത്ര്യസങ്കല്പങ്ങൾക്കും മാനവികാദർശനങ്ങൾക്കും നവോന്മേഷംനൽകി. ഇന്ത്യയിൽ ദേശീയപ്രസ്ഥാനം സജീവമായതും സാമൂഹ്യാനീതികൾക്കുനേരെയുള്ള പോരാട്ടം ശക്തമായതും ഇക്കാലത്താണ്. ഈ പശ്ചാത്തലത്തിൽ ദേശീയപ്രസ്ഥാനവുമായും പ്രചാരം നേടിക്കൊണ്ടിരുന്ന സോഷ്യലിസ്റ്റ് ആശയങ്ങളുമായും നവീന വിജ്ഞാനധാരകളുമായും സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളുമായും ബന്ധപ്പെട്ട് നവോത്ഥാനപ്രവർത്തനങ്ങൾ കേരളത്തിലും ശക്തിപ്പെട്ടുതുടങ്ങി.

ദേശീയസ്വാതന്ത്ര്യസമരത്തിൽ കേരളം സ്വന്തമായ പങ്കുവഹിച്ചിരുന്നു. 1919ൽ തന്നെ തിരുവനന്തപുരത്തും കൊച്ചിയിലും സ്റ്റേറ്റ്കോൺഗ്രസ് കമ്മറ്റികൾ നിലവിൽവന്നു. 1934 ൽ ഗാന്ധിയൻ സമരരീതികളോടുള്ള അവിശ്വാസം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്ക് കാരണമായി. മലബാറിൽ കർഷകരുടെ ഏകീകൃത സംഘടനയായ മലബാർ കർഷകസംഘം (1938) സ്ഥാപിതമാകുകയും ജന്മിത്തത്തിനെതിരായ സമരങ്ങൾക്ക് നേതൃത്വംനൽകുകയും ചെയ്തു. 1939ൽ കോൺഗ്രസ് സോഷ്യലിസ്റ്റ്പാർട്ടി കമ്യൂണിസ്റ്റ് പാർട്ടി എന്നപേരിൽ പ്രവർത്തനം ആരംഭിക്കുകയും സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനും എതിരായുള്ള പ്രക്ഷോഭങ്ങൾ ഏകോപിപ്പിക്കുന്നതിന് നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു.

കേരളത്തിൽ വ്യവസായവൽക്കരണവും തൊഴിൽവിഭജനവും വന്നുചേരുന്നത് ഇരുപതാംശതകത്തിന്റെ പ്രാരംഭവർഷങ്ങളിലാണ്. കോഴിക്കോട്ടെയും കണ്ണൂരിലെയും കോമൺവെൽത്ത്കമ്പനികൾ, ഫറോക്കിലെയും പുതിയറയിലെയും ഓട്ടുകമ്പനികൾ, കണ്ണൂരിലെയും മറ്റും ബീഡിക്കമ്പനികൾ, കൊല്ലത്തെ കശുവണ്ടിഫാക്ടറികൾ, കൊച്ചിയിലെ ടിൻഫാക്ടറികൾ തുടങ്ങിയ ഒട്ടേറെ സ്ഥാപനങ്ങൾ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഉണ്ടായി. ഇവയെതുടർന്ന് കേരളത്തിന്റെ പൊതുബോധത്തെ

മാറ്റിമറിക്കുകയും കേരളത്തിന്റെ സാമൂഹ്യരാഷ്ട്രീയജീവിതത്തെ നിർണ്ണയിക്കുകയും ചെയ്യുന്നതിൽ പ്രധാന പങ്കുവഹിച്ച ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങളും ആരംഭിച്ചു. തിരുവിതാംകൂർ ലേബർഅസോസിയേഷൻ (1922) തോട്ടം തൊഴിലാളിയൂണിയൻ(1930) കോഴിക്കോട് ലേബർയൂണിയൻ(1932)എന്നിങ്ങനെ കേരളത്തിലെ തൊഴിൽ രംഗത്തുണ്ടായ ജാഗരണത്തിന്റെ കരുത്ത് വ്യക്തമാക്കുന്ന അനേകം ട്രേഡ്യൂണിയൻ സംഘടനകൾ രൂപംകൊണ്ടു. ഇതിനോടനുബന്ധിച്ച് തൊഴിലാളിവർഗ്ഗസമരങ്ങളും സ്ഥിതിസമത്വാശയങ്ങളും കേരളത്തിൽ സജീവമായി കടന്നുവന്നു.

കേരളത്തിന്റെ നവോത്ഥാന പ്രക്രിയയിൽ സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾക്കുണ്ടായിരുന്ന പങ്ക് സുപ്രധാനമാണ്. ജാതിവ്യവസ്ഥയും അനാചാരങ്ങളും കേരളത്തിലെ സാമുദായികജീവിതത്തിൽ ശക്തമായ ചങ്ങലകൾ സൃഷ്ടിച്ചിരുന്നു. ശ്രീനാരായണഗുരു, സഹോദരൻഅയ്യപ്പൻ, സി. കൃഷ്ണൻ, ഡോ.പൽപ്പു., ചട്ടമ്പി സ്വാമികൾ, തുടങ്ങിയ ഒട്ടനവധി നേതാക്കന്മാർ കേരളത്തിലെ സാമൂഹ്യപരിഷ്കരണ സംരംഭങ്ങൾക്ക് നേതൃത്വംനൽകി. നമ്പൂതിരിസമുദായം പ്രബുദ്ധരായ യുവജനങ്ങളുടെ നേതൃത്വത്തിൽ ആഭ്യന്തരമായ ഉടച്ചുവാർക്കലിനു വിധേയമായി. ജാതിരാക്ഷസദഹനജാഥ സംഘടിപ്പിച്ച സഹോദരൻ അയ്യപ്പനും 'ഇനി ക്ഷേത്രങ്ങൾക്കു തീകൊളുത്തുക'എന്ന് ആഹ്വാനം ചെയ്ത വി.ടി.യും പ്രതിനിധാനം ചെയ്തത് ജാതി ജന്മിത്തരഹിതമായ മാനവികതയെയാണ്.

സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലുണ്ടായ പരിണാമം സാഹിത്യത്തിലും അതിശക്തമായി പ്രതിഫലിച്ചു.'സാഹിത്യം ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ദർപ്പണവും അതേസമയം അതിന് രൂപം കൊടുക്കുന്ന ചുറ്റികയുമാണ്'[35]എന്ന വിലയിരുത്തൽ ഇരുപതാംനൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെ മലയാളസാഹിത്യത്തെ വിലയിരുത്തുമ്പോഴും അർത്ഥപൂർണ്ണമാണ്. ഇതിഹാസപുരാണങ്ങളുടെ വ്യാഖ്യാനവും പുനരാഖ്യാനവുമായി ചിട്ടപ്പെട്ടുകിടന്ന സാഹിത്യകാരന്റെ സർഗ്ഗപ്രതിഭ സമൂഹത്തിന്റെ യഥാർത്ഥപ്രശ്നങ്ങളിലേക്ക് കടന്നുചെന്നത് നവോത്ഥാനഘട്ടത്തിലാണ്.

കേരളത്തിന്റെ പൊതുജീവിതത്തിൽ പ്രകടമായ എല്ലാമാറ്റങ്ങളും സാഹിത്യത്തിലും പ്രതിഫലിച്ചു. സമുദായത്തെ നവീകരിക്കുന്നതിനുള്ള ശ്രമങ്ങളിൽ സാഹിത്യം ബോധപൂർവ്വം ഇടപെടുകയും ചെയ്തു. മാനവികതയെയും സമത്വാധിഷ്ഠിത ജീവിതദർശനങ്ങളെയും പ്രധാനമായി പരിഗണിച്ച എഴുത്തുകാരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായാണ് 1937ൽ ജീവൽസാഹിത്യസംഘടന ആരംഭിച്ചത്. സാഹിത്യത്തെ സാമാന്യജനങ്ങളോട് അടുപ്പിക്കുവാനാണ് ജീവത്സാഹിത്യസംഘടന ശ്രമിച്ചത്. ജീവത്സാഹിത്യത്തിന്റെ സ്വഭാവം എന്തെന്ന് വിശദീകരിക്കുമ്പോൾ ഇ.എം. എസ് പറയുന്നതിങ്ങനെ:“സൗന്ദര്യബോധമല്ല യാഥാസ്ഥിതിക സാഹിത്യത്തെയും ജീവൽസാഹിത്യത്തെയും വേർതിരിക്കുന്നത്. മഹത്തായ കലാസൗന്ദര്യമുള്ള കൃതികൾ ജീവത്സാഹിത്യത്തിലുണ്ടാകാം. മറ്റു സാഹിത്യത്തിലുണ്ടാകാം. അതുപോലെതന്നെ പരുക്കൻമട്ടിലുള്ള കൃതികളും രണ്ടു വിഭാഗങ്ങളിലുമുണ്ടാകാം. പുരോഗമനപരമായ ശക്തികളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് മുന്നോട്ടുവന്നാൽ ഏറ്റവും സുന്ദരമായ കവിതയും ജീവത്സാഹിത്യമായി. യാഥാസ്ഥിതിക ശക്തികളെ പ്രതിനിധീകരിക്കുന്നത് എത്ര പരുക്കനായാലും ജീവത്സാഹിത്യമാവുകയില്ല”[36]. പുരോഗമനപക്ഷത്തിന് പ്രേരണയും പിന്തുണയും നൽകുന്നതിലൂടെ ആശയരംഗത്തെ സാമൂഹ്യപ്രതിബദ്ധതയെ ത്വരിതപ്പെടുത്തുന്നതിനെയാണ് ഇവിടെ ലക്ഷ്യമാക്കുന്നത്. രചന, വായന എന്നീ മേഖലകളിലുള്ള ബോധപൂർവ്വമായ പ്രചരണ സന്ദേശത്തിന്റെ തുടക്കമായിരുന്നു ഇത്. മലയാളസാഹിത്യത്തിലെ റിയലിസ്റ്റിക് പ്രസ്ഥാനവും പുരോഗമന സാഹിത്യപ്രസ്ഥാനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. രാജാക്കന്മാരും പ്രമാണിമാരും വിഹരിച്ചിരുന്ന സാഹിത്യത്തിന്റെ വ്യവഹാരസീമയിലേക്ക്, മുഖ്യധാരയിൽനിന്നും ഒഴിച്ചുനിർത്തിയിരുന്ന അടിത്തട്ടിലെ മനുഷ്യർ സ്വാതന്ത്ര്യപൂർവ്വം കടന്നുവരുന്നത് റിയലസത്തിന്റെ ഈ ഘട്ടത്തിലാണ്.

സാഹിത്യം ജീവിതഗന്ധിയാവണമെന്ന ധാരണ പുരോഗമനസാഹിത്യപ്രസ്ഥാനം എഴുത്തുകാർക്കു നൽകി. ചില കാലങ്ങളിൽ സമൂഹം സ്വാതന്ത്ര്യപൂർവ്വം എഴുത്തുകാരന്റെ ഇച്ഛാശക്തിക്കുമേൽ കടുത്ത സമ്മർദ്ദം ചെലുത്തിയിട്ടുള്ളതായി

കാണാം.'ചലനാത്മകവും തീവ്രവുമായ ചരിത്രബോധം എഴുത്തിന്റെയും വായനയുടെയും ലോകത്തെ നേരിട്ടുസ്വാധീനിച്ച ഘട്ടമാണ്, പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സുവർണ്ണ കാലമായ കഴിഞ്ഞ നൂറ്റാണ്ടിന്റെ മൂന്നുംനാലും ദശകങ്ങൾ. ഇക്കാലത്ത് സമൂഹത്തിൽ നടന്നുകൊണ്ടിരുന്ന പരിവർത്തനങ്ങളെക്കുറിച്ചും പ്രക്ഷോഭങ്ങളെക്കുറിച്ചുമുള്ള പ്രജ്ഞ രചനയെ ഒരു സാംസ്കാരിക പ്രവർത്തനമാക്കി തീർത്തു'[37]. എന്ന നിരീക്ഷണം ഇവിടെ പ്രസക്തമാണ്. സാമൂഹികവും സാംസ്കാരികവുമായ പുരോഗമനം ലക്ഷ്യമാക്കിയുള്ള രചനകൾ ജീവത്സാഹിത്യസംഘത്തിന്റെ രൂപീകരണത്തിനുമുൻപുതന്നെ മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരുന്നു. എന്നാൽ സാഹിത്യകാരന്മാരുടെ ചുമതല, സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരുന്ന പരിവർത്തനങ്ങൾക്ക് സജീവമായ സ്വരൂപംനൽകുകയും ശാസ്ത്രീയമായ യുക്തിബോധം പ്രചരിപ്പിക്കുകയുമാണെന്ന ധാരണയോടെ പ്രവർത്തിക്കുന്ന എഴുത്തുകാർ സാഹിത്യലോകത്തിൽ കൂട്ടായി ഇടപെട്ടുതുടങ്ങുന്നത് ജീവത്സാഹിത്യസംഘം സ്ഥാപിതമായതിനുശേഷമാണ്. ദരിദ്രനായ കൃഷിക്കാരനും അർദ്ധപ്പട്ടിണിക്കാരനായ അധ്യാപകനും ചൂഷണത്തിനിരയാകുന്ന കുടിയാനും അടിച്ചമർത്തപ്പെടുന്ന തൊഴിലാളിയും കടന്നുപോകുന്ന ജീവിതവഴികളുടെ ചിത്രീകരണം അതിനു മുൻപ് സാഹിത്യരചനയിൽ ഇതിവൃത്തമായി കടന്നുവന്നിരുന്നില്ല. വിദേശസാഹിത്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന നവീനപ്രവർത്തനങ്ങളെയും ചിന്തകളെയും പരിചയപ്പെടുത്തിയും മികച്ച മാതൃകകൾ തർജ്ജമചെയ്തവതരിപ്പിച്ചും കേസരി എ.ബാലകൃഷ്ണപിള്ള എഴുത്തുകാരുടേയും വായനക്കാരുടേയും സാഹിത്യാഭിരുചികളെ വിശാലമാക്കി. ചരിത്രത്തിൽ നടന്ന കൂടിച്ചേരലുകളുടേയും വേർപിരിയലുകളുടേയും അടിസ്ഥാനത്തിൽ സംസ്കാരത്തിന്റെ മൗലികതയെയും മഹത്വത്തെയും കുറിച്ചുള്ള എല്ലാ അവകാശങ്ങളും കെട്ടുകഥകളാണെന്ന് കേസരി പ്രഖ്യാപിച്ചു.[38] കേസരിയുടെ ഇത്തരം നിരീക്ഷണങ്ങളും പ്രവർത്തനങ്ങളും മനുഷ്യകേന്ദ്രീകൃതമായ ഒരുസാർവ്വലൗകികവീക്ഷണം ഉരുത്തിരിയുവാനുള്ള സാഹചര്യം മലയാളസാഹിത്യത്തിലുമുണ്ടാക്കി.

നവോത്ഥാനത്തിന്റെ അനുരണനങ്ങൾ ആദ്യം ദൃശ്യമാകുന്നത് കവിതയിലാണ്. ദേശീയപ്രസ്ഥാനത്തിന്റെയും സാമുദായികപരിഷ്കരണസംരംഭങ്ങളുടെയും ആശയാഭിലാഷങ്ങൾ കവിത്രയത്തിന്റെ കവിതയിൽത്തന്നെ കാണാം. കുമാരനാശാന്റെ ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി എന്നീ കൃതികൾ സാമൂഹികാനീതികളെ നേരിട്ട് എതിർക്കുന്നവയാണ്.

'പാവങ്ങൾ തൻ പ്രാണമരുത്തുവേണം
പാപപ്രഭുക്കൾക്കിഹ പങ്കവീശാൻ'
(വെടികൊണ്ടപക്ഷി)

'മരിക്ക സാധാരണമീ വിശപ്പിൽ
ദഹിക്കലോ നമ്മുടെ നാട്ടിൻമാത്രം
ഐക്യയക്ഷയത്താലടിമശ്ശവങ്ങൾ
അടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം' (മാപ്പ്)

എന്നിങ്ങനെ വള്ളത്തോളും സമൂഹത്തിൽ ദൈന്യം അനുഭവിക്കുന്നവരോടുള്ള പക്ഷപാതം വ്യക്തമാക്കി. കവിത്രയത്തെ തുടർന്നുവന്ന വൈലോപ്പിള്ളി, ചങ്ങമ്പുഴ, ഇടശ്ശേരി, എൻ.വി, വയലാർ തുടങ്ങിയവരുടെ കവിതകളിൽ ദൈന്യമനുഭവിക്കുന്നവന്റെ പ്രതിഷേധശബ്ദങ്ങൾ മുഴങ്ങിക്കേട്ടു.

ഓരോ കാലഘട്ടത്തിലെയും പ്രബലമായ ജീവിതസങ്കല്പങ്ങൾ അതതു കാലത്തെ സാഹിത്യത്തിന്റെ മുഖ്യപ്രമേയങ്ങളായി അംഗീകാരം നേടുന്നുണ്ട്. പ്രമേയങ്ങൾക്ക് അനുഗുണമായ പ്രതിപാദനരീതികളും ഇവയോടുചേർന്ന് രൂപപ്പെടുന്നതായിക്കാണാം. റൊമാന്റിസിസം, റിയലിസം, സിംബലിസം, എക്സ്പ്രഷനിസം എന്നിങ്ങനെ വിവിധങ്ങളായ സാഹിത്യപ്രസ്ഥാനങ്ങൾ ഇപ്രകാരം വികസിച്ചുവന്നവയാണ്. നവോത്ഥാനഘട്ടത്തിൽ റിയലിസമായിരുന്നു സാഹിത്യത്തിന്റെ ആവിഷ്കാരമാർഗ്ഗമായി പ്രാമുഖ്യം നേടിയിരുന്നത്. ദൈനംദിന ജീവിതത്തിലെ ബാഹ്യയാഥാർത്ഥ്യങ്ങളോടുള്ള യഥാതഥമായ പ്രതികരണമായിരുന്നു അക്കാലത്ത് രൂപംകൊണ്ട സാഹിത്യം. റിയലിസത്തിന്റെ ഒന്നാംഘട്ടമായി നിരൂപകർ ഇതിനെ വിശേഷിപ്പിക്കുന്നു.

പുരോഗമനസാഹിത്യത്തിന്റെ ആശയലോകം ആഴത്തിലും പരപ്പിലും സ്വാധീനിച്ചത് ഗദ്യസാഹിത്യകാരന്മാരിലാണ്. പ്രത്യക്ഷാനുഭവസത്യങ്ങൾ മുഖ്യ പ്രമേയമാകുന്ന ചെറുകഥകൾക്ക് 1930ന് മുമ്പുതന്നെ പ്രചാരം ലഭിച്ചിരുന്നു. എസ്. രാമവാര്യർ, വി.ടി.ഭട്ടതിരിപ്പാട്, വി.കെ.അമ്മുണ്ണി, പി.സി.കോരുത്, എസ്.കെ.ആർ. കമ്മത്ത്, എം.ആർ.ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട് എന്നിങ്ങനെ കാലികാനുഭവപ്രധാനമായ ചെറുകഥാപ്രസ്ഥാനത്തിന് വഴിയൊരുക്കിയ അനേകം കഥാകൃത്തുക്കളെ ചൂണ്ടിക്കാട്ടാനാകും. ഇവരിൽ ചിലരുടെ രചനാസമ്പ്രദായം യഥാതഥമായിരുന്നില്ലെങ്കിലും മാറിയകാലഘട്ടത്തിന്റെ ജീവിതാവസ്ഥകളെ ആശയതലത്തിൽ സാക്ഷാത്കരിക്കാൻ അവർക്ക് കഴിഞ്ഞു. വി.ടി. ഭട്ടതിരിപ്പാടിന്റെ 'രജനീരംഗം' (1928) എസ്.രാമവാര്യരുടെ 'ബാഷ്പാങ്കുരം' (1931)വി.കെ.അമ്മുണ്ണിയുടെ 'തമോരാശിയിൽ'(1933)എം.ആർ. ഭട്ടതിരിപ്പാടിന്റെ 'വാൽക്കണ്ണാടി'(1932)മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ 'പൂങ്കുല'(1935) തുടങ്ങിയ സമാഹാരങ്ങളിലെ കഥകൾ ഈ യാഥാർത്ഥ്യത്തെ വ്യക്തമാക്കുന്നു.

സാമൂഹ്യപ്രശ്നങ്ങൾ ജൈവയാഥാർത്ഥ്യമായി ആസ്വാദകസമൂഹത്തിന്റെ പൊതുമനസ്സ് സ്വീകരിക്കുവാൻ തുടങ്ങിയത് നവോത്ഥാനകാഥികരുടെ റിയലിസ്റ്റിക് കഥകളിലൂടെയാണ്. ഇക്കാലത്തെ പ്രധാന കഥാകൃത്തുക്കളെല്ലാം ഇടത്തരക്കാരന്റെയോ ദരിദ്രന്റെയോ ജീവിതദുരിതങ്ങൾ വ്യക്തിപരമായി അനുഭവിച്ചവരുമാണ്. തകഴി ഒരു ഇടത്തരം നായർ കുടുംബാംഗമായിരുന്നു. പട്ടിണിക്കിടക്കുന്നവരിൽ നിന്ന് ഏറെ അകലെയല്ലാത്ത ഒരവസ്ഥയിലേക്ക് അന്നത്തെ കുടുംബവഴക്കുകൾ തകഴിയുടെ കുടുംബത്തെ എത്തിച്ചു. കേശവദേവാകട്ടെ തറവാട്ടിലെ വലിയമ്മാവന്റെ ദുർഭരണത്തിനെതിരെ കലാപം കൂട്ടുന്ന ധിക്കാരിയായാണ് കടന്നുവരുന്നത്. സ്കൂൾവിദ്യാഭ്യാസകാലത്തുതന്നെ നാടുവിട്ടുപോകേണ്ടിവന്ന ബഷീറിന് നേരിടേണ്ടിവന്ന ദുരനുഭവങ്ങൾക്കും അലച്ചിലുകൾക്കും അദ്ദേഹത്തിന്റെ ജീവിതവീക്ഷണത്തേയും സാഹിത്യധാരണകളേയും രൂപപ്പെടുത്തിയതിൽ ഗണ്യമായ പങ്കുണ്ട്. "ഉടുക്കുവാൻ വസ്ത്രവും കഴിക്കാൻ ഭക്ഷണവും സമാധാനമായി കിടന്നുറങ്ങുവാൻ ഇടവും

മില്ലാതെ ബഷീർ മാസങ്ങളോളം നട്ടംതിരിഞ്ഞു. ഒരു ഖദർ മുണ്ട്, ഒരു ഖദർ ഷർട്ട്, ഒരു തോർത്ത് അതുമാത്രമാണ് സമ്പാദ്യം.... കഴുകാൻ പറ്റാത്ത തരത്തിൽ പഴകുകയും തുന്നാൻ പറ്റാത്ത തരത്തിൽ കീറുകയുംചെയ്ത വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് പുറത്തിറങ്ങാൻ പറ്റാത്തതിനാൽ സഞ്ചാരം രാത്രിയിൽ മാത്രമാക്കാൻ അദ്ദേഹം പലപ്പോഴും നിർബന്ധിതനായിട്ടുണ്ട്"[39]. മലയോരകർഷകരുടെ ജീവിതദുരിതങ്ങളാണ് പൊൻകുന്നം വർക്കിയുടെ ജീവിതത്തിന്റേയും സാഹിത്യസൃഷ്ടികളുടേയും പശ്ചാത്തലം. 'വിദ്യാർത്ഥിയായിരുന്നപ്പോൾ തനിക്ക് ഫീസും ആഹാരവും തരാൻ വിഷാദഭാരത്തോടുകൂടി ബുദ്ധിമുട്ടുന്ന അമ്മയുടെ നിസ്സഹായാവസ്ഥയാണ് ആദ്യമായി തന്റെ കൊച്ചുഹൃദയത്തിൽ ചിരട്ടത്തീ കത്തിച്ചു തുടങ്ങിയത്'[40] എന്ന് 'ഞാൻ കഥാകാരനായകഥ'യിൽ പൊൻകുന്നം വർക്കി വ്യക്തമാക്കുന്നു. ഇത്തരം വ്യക്ത്യനുഭവങ്ങളും കേരളത്തിൽ അതിദ്രുതം മുന്നേറിക്കൊണ്ടിരുന്ന സാമൂഹിക നവീകരണ പ്രവർത്തനങ്ങളും വ്യവസ്ഥാപിതമായ ധാരണകളേയും സ്ഥാപനങ്ങളേയും ചോദ്യംചെയ്യാനും പരിവർത്തനത്തിന് പ്രേരിപ്പിക്കുവാനുമുള്ള പ്രചോദനം എഴുത്തുകാർക്ക് നൽകി. ഇപ്രകാരം മലയാള ചെറുകഥയിൽ നവസംവേദകത്വം ശക്തമായി തുടങ്ങിയ ഘട്ടത്തിലാണ് പോഞ്ഞിക്കര റാഫിയും സാഹിത്യരചനയിലേക്ക് കടന്നുവന്നത്.

സമുദായപരിഷ്കരണപ്രസ്ഥാനത്തിന്റെയും രാഷ്ട്രീയപ്രബുദ്ധതയുടെയും പ്രബോധനം ഉൽക്കൊള്ളുന്ന നാടകങ്ങളും വിപ്ലവകരമായ ഒരു സംസ്കാരികനവീകരണത്തിന് വേദിയൊരുക്കി. വി.ടി.ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽനിന്നും അരങ്ങത്തേക്ക്, എം.ആർ.ബിയുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകം', എം.പി. ഭട്ടതിരിപ്പാടിന്റെ 'ഋതുമതി', കെ. ദാമോദരന്റെ 'പാട്ടബാക്കി', ചെറുകാടിന്റെ 'നമ്മളൊന്ന്', തകഴി യുടെ 'തോറ്റില്ല'പൊൻകുന്നം വർക്കിയുടെ 'ജേതാക്കൾ',ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' തുടങ്ങിയ ഒട്ടധികം നാടകങ്ങൾ പുരോഗതിയുടെ സന്ദേശവും പരിവർത്തനത്തിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശവും ബോധപൂർവ്വം കൈമാറി. സി.ജെ. തോമസ്, തോപ്പിൽ ഭാസി, കെ.ടി.മുഹമ്മദ്, പുളിമാനപരമേശ്വരൻപിള്ള തുടങ്ങിയവരുടെ

നാടകങ്ങൾ സാംസ്കാരികരാഷ്ട്രീയ പരിണാമങ്ങളുടെ സംഘർഷാത്മകാന്തരീക്ഷം സാർത്ഥകമായി ആവിഷ്കരിച്ചിട്ടുണ്ട്. പൂർവ്വകാല സാഹിത്യരചനകളിൽ പ്രാന്തവൽക്കരിക്കപ്പെട്ടിരുന്ന സാമാന്യ ജനസമൂഹം സാഹിത്യത്തിന്റെ മുഖ്യധാരയിലേക്കെത്തിത്തുടങ്ങി എന്നതാണ് ഈ കാലഘട്ടത്തിലെ സാഹിത്യത്തിൽ വന്നുചേർന്ന പ്രകടമായ ഒരു പരിണാമം.

20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തെ പ്രോജ്ജ്വലമാക്കിയ സോഷ്യലിസ്റ്റാദർശങ്ങൾക്കും വിമോചന മുന്നേറ്റങ്ങൾക്കും സമൂഹത്തിലും സാഹിത്യത്തിലും ഏറെക്കാലം മുഖ്യധാരയായി നിലകൊള്ളാനായില്ല. കമ്യൂണിസ്റ്റ് സംഹിതകൾക്കും വിപ്ലവപോരാട്ടങ്ങൾക്കും എതിരായ പ്രചാരണം 1950 കളിൽത്തന്നെ ആഗോളാടിസ്ഥാനത്തിൽ ശക്തിയാർജ്ജിച്ചു. 1955ൽ മിലാനിൽ രൂപംകൊണ്ട കോൺഗ്രസ് ഫോർ കൾച്ചറൽ ഫ്രീഡം എന്ന സംഘടനയുടെ പ്രവർത്തനം ഇതിനുദാഹരണമാണ്. ഇന്ത്യാ ചൈനാ യുദ്ധത്തെ തുടർന്ന് കമ്യൂണിസ്റ്റ്പാർട്ടിയിലുണ്ടായ ഭിന്നിപ്പും സോവിയറ്റ്യൂണിയന്റെ ശിഥിലീകരണത്തെ തുടർന്നുണ്ടായ ആശയക്കുഴപ്പങ്ങളും നമ്മുടെ നാട്ടിലും സോഷ്യലിസ്റ്റ് ചിന്താപദ്ധതിയിലും ഇതര സാമൂഹികവീക്ഷണങ്ങളിലും ഗണ്യമായ മാറ്റങ്ങൾ സൃഷ്ടിച്ചു. അതിനനുസൃതമായി സാഹിത്യസമീപനത്തിലും വ്യക്തമായ മാറ്റം പ്രകടമായി.

ആധുനിക കാലഘട്ടമാകുമ്പോഴേക്കും എഴുത്തുകാർ കൂടുതൽ അന്തർമുഖരാകുകയും അസ്തിത്വസമസ്യകൾ ആവിഷ്കരിക്കാൻ തല്പരരാകുകയും ചെയ്തു. പഴയവേരുകൾ ഒന്നൊന്നായി പിഴുതുപോവുകയും പുതിയതൊന്നും തൃപ്തികരമാംവിധം ഉൾക്കൊള്ളാനാകാതെ വരികയും ചെയ്ത ചരിത്രസാഹചര്യമായിരുന്നു അത്. അറബ് ഇസ്രായേൽ പ്രശ്നം, ശീതസമരങ്ങൾ, സാമ്രാജ്യത്വ മത്സരങ്ങൾ, എന്നിങ്ങനെ രാജ്യാതിർത്തികളെപ്രതിയും വർഗ്ഗഗോത്ര മഹത്വത്തെപ്രതിയും ആധിപത്യശക്തികളുടെ നേതൃസ്ഥാനത്തെ പ്രതിയും കലാപങ്ങൾ നിലനിൽക്കുകയും ചെയ്തു. സാമൂഹികമായി മനുഷ്യപുരോഗതിയിലുണ്ടായ വമ്പിച്ച മുന്നേറ്റവും അതേസമയം നേട്ടങ്ങൾ അനുഭവയോഗ്യമല്ല എന്ന വ്യസനവും കാലഘട്ടത്തിന്റെ ശുഭപ്രതീ

ക്ഷയെ തകർത്തുകൊണ്ടിരുന്നു. ഇന്ത്യയിൽ 1965നു ശേഷം പഞ്ചവത്സരപദ്ധതികൾ പ്രതീക്ഷിച്ചതുപോലെ വിജയിച്ചില്ല. രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നതോടൊപ്പം സാമ്പത്തികസ്വാതന്ത്ര്യവും സംസിദ്ധമാകുമെന്നായിരുന്നു ജനതയുടെ പ്രതീക്ഷ. എന്നാൽ ഭക്ഷ്യപ്രശ്നം പരിഹരിക്കപ്പെട്ടില്ല. തൊഴിലില്ലായ്മ വർദ്ധിച്ചു. തെലുങ്കാനകലാപം,നാഗാലഹള, നക്സലൈറ്റ് ആക്രമണം എന്നിങ്ങനെ ആഭ്യന്തര സുരക്ഷിതത്വത്തിലും പ്രതിസന്ധികൾ ഉണ്ടായി. ആഗോളസാഹചര്യങ്ങളും ദേശീയാനുഭവങ്ങളും കൂടുതൽ ആഴത്തിൽ പ്രാദേശിക ജനജീവിതത്തോട് ഇക്കാലത്ത് ഇടപെട്ടുതുടങ്ങി. സാർത്ര്, കാമു തുടങ്ങിയവരുടെ അസ്തിത്വവാദ, അന്യവൽക്കരണസിദ്ധാന്തങ്ങൾക്ക് അനുയോജ്യമായ മാതൃകകൾ മലയാള സാഹിത്യത്തിൽ ഉണ്ടായതും ഈ ഘട്ടത്തിലാണ്. നോവൽ സാഹിത്യത്തിൽ, എം.ടി.യുടെ 'നാലുകെട്ടി'ലെ അപ്പുണ്ണിയും 'കാല'ത്തിലെ സേതുവും അന്തർമുഖരാണ്. എന്നാൽ ഒ.വി വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ രവിയും ആനന്ദിന്റെ 'അഭയാർത്ഥികളി'ലെ ഗൗതമനും സ്വത്വശിഥിലീകരണത്തിന്റെയും വ്യക്തിയുടെ അന്യവത്ക്കരണത്തിന്റെയും ദുരന്തയാഥാർത്ഥ്യങ്ങൾ തുറന്നു കാട്ടുന്നവരാണ്. 'ജയിക്കുന്നത് ജീവിതമല്ല, മരണമാണ്. അവിടെ മനുഷ്യകഥ നിരർത്ഥകമായ ഉന്മത്തമായ പരിഭ്രമണം മാത്രം'[41]എന്നു ചിന്തിച്ച പുതിയകാലഘട്ടത്തിലെ സാഹിത്യം ഇങ്ങനെയൊരു ജീവിതവീക്ഷമണമാണ് മുഖ്യമായും ധ്വനിപ്പിച്ചുകൊണ്ടിരുന്നത്.

## സമവായം, നിഷേധം, സ്വത്വനിർമ്മിതി: റാഫിയുടെ രചനകളിൽ

മേൽപ്പറഞ്ഞ രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ പോഞ്ഞിക്കര റാഫി എഴുത്തുകാരനാകുന്ന 1940 കൾ ആഗോളതലത്തിൽ രാഷ്ട്രീയമായി രണ്ടാം ലോകയുദ്ധത്തിന്റെ പ്രാരംഭകാലവും ഭാരതത്തിൽ സ്വാതന്ത്ര്യസമര പ്രസ്ഥാനം ലക്ഷ്യത്തിലേക്ക് നീങ്ങികൊണ്ടിരുന്ന ഘട്ടവുമായിരുന്നു. കേരളത്തിൽ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളോടൊപ്പം വർഗ്ഗവിമോചനസമരങ്ങൾ രാഷ്ട്രീയ പിന്തുണയോടെ ശക്തിനേടിത്തുടങ്ങിയ സാഹചര്യവുമായിരുന്നു അത്. ഇത്തരമൊരു സാഹചര്യത്തിൽ റാഫി എന്ന എഴുത്തുകാരൻ വെളിപ്പെടുത്തിയ രാഷ്ട്രീയാവ

ബോധം യുദ്ധപരിസരങ്ങൾ സൃഷ്ടിച്ച ആഘാതപ്രത്യാഘാതങ്ങളിൽ നിന്ന് രൂപംകൊണ്ടതും ഗാന്ധിയൻ സോഷ്യലിസ്റ്റ് ആദർശങ്ങളുടെ സമവായത്തിലൂടെ വികാസം നേടിയതുമാണെന്ന് കാണാം. സാമൂഹികമായി നോക്കുമ്പോൾ പ്രസ്തുത കാലഘട്ടം ആഗോളതലത്തിൽ ഫാസിസം, മുതലാളിത്തം എന്നിവയ്ക്കെതിരെ ഉയർന്നുവന്ന മനുഷ്യമഹത്വചിന്താധാരകളുടെ വ്യാപനകാലമായിരുന്നു. ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ സാമൂഹ്യനവീകരണപ്രസ്ഥാനങ്ങളും നവീനവിജ്ഞാന ധാരകളും പ്രചാരംനേടിയതും ഈ ഘട്ടത്തിലായിരുന്നു. റാഫിയിലെ സാമൂഹ്യവ്യ ക്തിത്വം ഇരുപതാംനൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെ നവീകരണസംരംഭങ്ങളിൽ നിന്നും നവീനവിജ്ഞാനധാരകളിൽ നിന്നും ഉണർവ്വും ഊർജ്ജവും നേടി രൂപപ്പെട്ടതാണെന്ന് കാണാം. റാഫിയുടെ സാഹിത്യകാരവ്യക്തിത്വം (creative self) ഒരളവുവരെ ഈ രാഷ്ട്രീയ സാമൂഹ്യപരിതോവസ്ഥകളുടെ നിർമ്മിതിയും ഈ അവസ്ഥകളോടുള്ള ക്രിയാത്മകമായ പ്രതികരണവുമായിരുന്നു. സ്വർഗ്ഗദൂതൻ(1958)എന്ന നോവലിന്റെ രച നാകാലത്തിലെത്തുമ്പോഴേക്കും റാഫി കാലോചിതവും അതേസമയം സ്വതന്ത്ര വുമായ ഒരു ജീവിതദർശനവും സാഹിത്യവീക്ഷണവും സ്വായത്തമാക്കിയെടുത്തതാ യും കാണാം.

1939 മുതൽ 1992 വരെയാണ് റാഫിയുടെ രചനാജീവിതം. നവോത്ഥാന കാല ഘട്ടത്തോടൊപ്പം ആധുനികകാലഘട്ടത്തിലും റാഫി സർഗ്ഗജീവിതം നയിച്ചിരുന്നു. ആധുനികഘട്ടത്തിൽ എഴുത്തുകാർക്ക് തങ്ങളുടെ ബോധമണ്ഡലത്തെ എങ്ങനെ ആവിഷ്ക്കരിക്കണമെന്നതായിരുന്നു മുഖ്യപ്രശ്നം. ഇതിനായി നവീനമായ ആവി ഷ്കരണോപാധികൾ, ആഖ്യാനതന്ത്രങ്ങൾ എന്നിവ ഇക്കാലത്തെ എഴുത്തുകാർ സ്വീകരിച്ചു. കാക്കനാടന്റെയും ഒ.വി. വിജയന്റെയും ആനന്ദിന്റെയും മറ്റും കൃതി കൾ ഉണ്മയുടെ മൗലികതകളെ നിരാകരിക്കുന്നു. മനുഷ്യജീവിതത്തിന്റെ ശൂന്യ തയും നിരർത്ഥകതയും ഈ കാലഘട്ടത്തിലെ എഴുത്തുകാരുടെ ദാർശനികവ്യസ നങ്ങളായിരുന്നു. ആധുനികസാഹിത്യത്തിന്റെ ഇത്തരം സാമാന്യപ്രവണതകളോട് റാഫിയുടെ സർഗ്ഗാത്മകവ്യക്തിത്വം യോജിച്ചുപോകുന്നില്ല. ആധുനികസാഹിത്യ

ത്തെക്കുറിച്ചുള്ള അഭിപ്രായം തേടിയപ്പോൾ റാഫി നൽകിയ മറുപടി ഇങ്ങനെയാണ്. "ആധുനികം, അത്യാധുനികം എന്നൊന്നും സാഹിത്യമില്ല. നമ്മുടെ നാട്ടുമ്പുറങ്ങളിൽത്തന്നെ ചിലർ കുറെ സാമ്പത്തികശേഷിയുള്ളവരായി തീരുമ്പോൾ പാവങ്ങളായ സ്വന്തം കുടുംബാംഗങ്ങളിൽനിന്നും ബന്ധുക്കളിൽനിന്നും അകന്നുമാറി ഭാവിക്കുന്നതുപോലെയുള്ള ഒരു വിരോധാഭാസം മാത്രമാണിത്. ഉയർന്ന പത്തു പേരെ രസിപ്പിക്കാൻ വേണ്ടിയുള്ളതല്ല, തൊണ്ണൂറുപേരുടെ ജീവിതത്തിന്റെ കഷ്ടപ്പാടും കണ്ണീരും തുടച്ചുനീക്കിയെടുത്താശ്വസിപ്പിക്കാനും അവരെ ഉത്തേജിതരാക്കാനുമുള്ളതാണ് സാഹിത്യം"[42].ബുദ്ധിജീവികളായി സ്വയം ഭാവിക്കുന്നവരെ 'നീറോയുടെ പുതിയ പൗത്രന്മാരാ'യാണ് റാഫി കാണുന്നത്. റാഫി സ്വായത്തമാക്കിയ സാമൂഹ്യബോധവും നിലനിർത്തിയ മനുഷ്യമഹത്വചിന്തയും നവോത്ഥാന കാലഘട്ടത്തിന്റേതാണെന്ന് ഇത് വ്യക്തമാക്കുന്നു. ആധുനികഘട്ടത്തിലെ എഴുത്തിന്റെ സംവേദനശീലങ്ങളോട് പൊരുത്തപ്പെടാനാകാതെ വന്നപ്പോൾ വൈരുദ്ധ്യങ്ങളെ സമവായപ്പെടുത്തുന്നതിനുള്ള ദാർശനികസാധ്യതകൾ റാഫി അന്വേഷിച്ചു. 'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ(1969), നോവൽ സ്വയം ദർശനമായിത്തീരുകയാണെങ്കിൽ 'കലിയുഗ'ത്തിൽ(1971)ലോകത്തിന്റെ ഭിന്നഭാഗങ്ങളിൽ രൂപംകൊണ്ട വ്യത്യസ്ത ദർശനങ്ങളെ ഒരുമിപ്പിച്ചുകൊണ്ടുള്ള സമവായത്തിന്റെ ദർശനമാണ് റാഫി അവതരിപ്പിച്ചത്. സത്യാന്വേഷണത്തിന്റെ നവദർശനമായി കലിയുഗത്തെ വിലയിരുത്താം.

റാഫിയുടെ അവസാനകൃതി ശുക്രദശയുടെ ചരിത്രം(1992)ആണ്. അദ്ദേഹത്തിന്റെ മരണത്തിന് കേവലം ഒരുമാസംമുൻപ് പ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥത്തിന്റെ മുഖവുരയിൽ ഇങ്ങനെ പറയുന്നു:"ഭാർഗ്ഗവനും അസുരഗുരുവുമായ ശുക്രാചാര്യരുടെ മനുഷ്യ സ്നേഹാർദ്രമായ ദർശനങ്ങളിലും അനുഗ്രഹ പ്രസാദങ്ങളിലും കൂടി സൈന്ധവജനങ്ങൾ മഹനീയമായ ശുക്രദശ രൂപപ്പെടുത്തി കൊണ്ടുവന്നതിന്റെ ചരിത്രമാണിത്. അതോടൊപ്പം ആംഗിരസ്സനും ദേവഗുരുവുമായ ബൃഹസ്പതിയുടെ നേതൃത്വത്തിൽ അധിനിവേശക്കാരായ ആര്യജനങ്ങൾ ഇന്ത്യയുടെ ആ ശുക്രദശ നശിപ്പിച്ചു കുഴിച്ചുമൂടിയതിന്റെ ചരിത്രവും. ഇന്ത്യൻ സംസ്ക്കാരത്തിന്റെ യഥാർത്ഥ

അടിത്തറ കണ്ടെത്തുവാനും അത് വസ്തുനിഷ്ഠമായി അവതരിപ്പിക്കുവാനുമുള്ള അഭിലാഷവും പഠനപ്രവർത്തനങ്ങളും ഇതിന്റെ പിന്നിലുണ്ട്"[43] കലിയുഗത്തിൽ റാഫി അവതരിപ്പിച്ച ഏകലോകദർശനത്തിന്റെ അനുബന്ധപാഠമായി ശുക്രദശയുടെ ചരിത്രത്തെ കാണാം. ദേശീയമഹിമയുടെ വേരുകൾ അന്വേഷിക്കുവാനും കണ്ടെത്തുവാനും സ്വായത്തമാക്കുവാനുമുള്ള ആഹ്വാനമാണ് പ്രസ്തുതകൃതി നൽകുന്നത്. റാഫിയുടെ കൃതികളുടെ കൂട്ടത്തിൽ സ്വർഗ്ഗദൂതൻ അദ്ദേഹത്തിന്റെ ജീവിത ദർശനങ്ങളുടെ പ്രഖ്യാപനമാണ്. മനുഷ്യനെ സ്വർഗ്ഗദൂതനാക്കുവാൻ ഇച്ഛിക്കുന്ന പ്രസ്തുത ജീവിതദർശനം സാധിതമാക്കുവാനുള്ള പ്രായോഗികനയമാണ് സാർവ്വലൗകികനാകുക എന്ന തത്ത്വചിന്തയും(കലിയുഗം) സൈന്ധവനാവുക എന്ന ചരിത്രവും (ശുക്രദശയുടെ ചരിത്രവും) അവതരിപ്പിക്കുന്നത്. പ്രാദേശികസ്വീകാര്യതയും അന്തർദേശീയാംഗീകാരവുമാണ് നവലോകത്തിന്റെ മുഖമുദ്രകളായി സമകാലികസമൂഹം പരിഗണിക്കുന്നത്. റാഫിയുടെ കൃതികൾ വളരെ നേരത്തെതന്നെ ഇത്തരമൊരു ദർശനം അവതരിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കാലത്തിനുമുമ്പേ സഞ്ചരിക്കുവാൻ റാഫിയുടെ സർഗ്ഗാത്മകപ്രതിഭയ്ക്കു കഴിഞ്ഞു എന്നുംപറയാം.

നവോത്ഥാനഘട്ടത്തിലും ആധുനികഘട്ടത്തിലും ഒരുപോലെ വ്യാപരിച്ച റാഫിയുടെ സാഹിത്യജീവിതത്തിന് കൃത്യമായ അതിർത്തികളുള്ള രണ്ട് ഘട്ടങ്ങളുണ്ട്. അതോടൊപ്പം ഇവയ്ക്കിടയിൽ വ്യക്തമായ രൂപഭാവങ്ങളുള്ള ഒരു സംക്രമണഘട്ടവും ഉണ്ട്. ചൂഷണത്തിനിരയാകുന്നവരും പ്രതികൂലാവസ്ഥകളെ നേരിടുവാൻ പ്രാപ്തിയില്ലാത്തവരുമായ നിസ്സഹായരുടെ ജീവിതം യഥാതഥമായി ചിത്രീകരിക്കുന്ന കഥകളിലൂടെയാണ് റാഫി മലയാള സാഹിത്യവേദിയിൽ എത്തിയത്. സാമൂഹ്യതിന്മകളെ എതിർക്കുകയും സാമൂഹ്യപരിവർത്തനം ത്വരിതപ്പെടുത്തുകയുമായിരുന്നു അക്കാലത്തെ അദ്ദേഹത്തിന്റെ രചനാലക്ഷ്യം.1958ൽ സ്വർഗ്ഗദൂതൻ പ്രസിദ്ധീകരിച്ചതുമുതൽ വ്യത്യസ്തമായ മറ്റൊരു രചനാവഴി റാഫി തെരഞ്ഞെടുക്കുന്നു. റിയലിസത്തിന്റെ മറ്റൊരു ഘട്ടത്തിലേക്കുള്ള കാൽവയ്പായിരുന്നു ഇത്. ചുറ്റുപാടും കാണുന്ന വസ്തുതകളല്ല യഥാർത്ഥം; മനസ്സാണ്, അതിന്റെ അബോധ

തലമാണ് ജീവിതത്തിന്റെ യാഥാർത്ഥ്യം. ഇതിനായി സൈക്കളോജക്കിൽ റിയലിസവും തുടർന്ന് ആവിഷ്കരണ രീതിയായി ബോധധാരാസമ്പ്രദായവും അദ്ദേഹം സ്വീകരിച്ചു. 1958 മുതൽ 1970 വരെയുള്ള ഈ കാലഘട്ടമാണ് റാഫിയുടെ രചനാജീവിതത്തിലെ സംക്രമണഘട്ടം. 1971ൽ കലിയുഗം പ്രസിദ്ധീകരിച്ചതോടെ അപഗ്രഥനാത്മകവും ചിന്താപ്രധാനവുമായ മറ്റൊരു മാർഗ്ഗത്തിലേക്ക് റാഫി പ്രവേശിച്ചു. ഈ രണ്ടാം ഘട്ടത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ തത്ത്വചിന്താപഠനത്തിലും ചരിത്രാന്വേഷണത്തിലുമാണ് പതിഞ്ഞത്. രണ്ടാം ഘട്ടത്തിലെ പ്രധാനകൃതികളെല്ലാം റാഫിദമ്പതികളുടെ സംയുക്ത കർത്തൃത്വത്തിൽപ്പെടുന്നതുമാണ്.

സാഹിത്യകാരന്റെ വ്യക്തിസ്വത്വവും സാഹിത്യസ്വത്വവും(Emperical self and literary self) തമ്മിലുള്ള ബന്ധം പല സാഹിത്യവിമർശകന്മാരുടെയും ചിന്താവിഷയമായിരുന്നിട്ടുണ്ട്. പല സാഹിത്യകാരന്മാരുടെയും കാര്യത്തിൽ ഈ ദ്വിമുഖ വ്യക്തിത്വങ്ങൾ പരസ്പരപൂരകങ്ങളായി നിലകൊള്ളുന്നില്ല. എന്നാൽ റാഫിയുടെ വ്യക്തിജീവിതവും സാഹിത്യജീവിതവും തമ്മിൽ അങ്ങേയറ്റം സമരസപ്പെട്ടിരുന്നു. പുരോഗമനചിന്താഗതി പുലർത്തിയിരുന്ന റാഫി അന്ന് ലഭ്യമായിരുന്ന പുരോഗമനപരമായ എല്ലാ വിജ്ഞാനധാരകളെയും സ്വന്തം കൃതികൾക്ക് ഉപാധികളാക്കിയിട്ടുണ്ട്. എന്നാൽ ഏതെങ്കിലും ഒരു പ്രത്യയശാസ്ത്രത്തിന്റെയോ ആശയധാരയുടെയോ കേവല വക്താവായിമാത്രം റാഫിയെ വിലയിരുത്താനാവില്ല. സർഗ്ഗാത്മകവും വൈജ്ഞാനികവുമായ സാഹിത്യശാഖകളിൽ മൗലികവും മാനവികവുമായ സമീപനരീതിയിയാണ് റാഫി പുലർത്തിയിരുന്നത്. മൂല്യാധിഷ്ഠിത ജീവിതദർശനവും അതിനിണങ്ങുന്ന സാഹിത്യദർശനവുമാണ് അദ്ദേഹം സ്വായത്തമാക്കിയിരുന്നത്.

ചെറുകഥ, നോവൽ, നാടകം തുടങ്ങിയ സർഗ്ഗാത്മകരചനകളിൽ ആരംഭിക്കുകയും തത്ത്വചിന്ത, ചരിത്രം, മാർക്സിയൻ പഠനം തുടങ്ങിയ വൈജ്ഞാനിക രചനകളിൽ അവസാനിക്കുകയും ചെയ്യുന്നതാണ് റാഫിയുടെ സാഹിത്യജീവിതം. വികാരങ്ങളുടെ ശക്തവും ദീപ്തവുമായ ആവിഷ്കാരങ്ങളായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാല കൃതികൾ. വിചാരങ്ങളുടെ സൂക്ഷ്മവും ഗഹനവുമായ ഈടുവയ്പുക

ളാണ് രണ്ടാം ഘട്ടത്തിലെ കൃതികൾ. ഇവയ്ക്കിടയിലുള്ള മാനസികയാഥാർത്ഥ്യ ങ്ങളെ സംക്രമണഘട്ടത്തിലെ രചനകൾ വ്യക്തമാക്കുന്നു. ഇത് റാഫിയുടെ സാഹിത്യജീവിതത്തിന്റെ മാത്രം പ്രത്യേകതയല്ല, വ്യക്തിജീവിതത്തിലെ അനുക്ര മമായ വികാസത്തിന്റേതുംകൂടിയാണ്.

എല്ലാത്തരം വിഭിന്നതകൾക്കുള്ളിലും പ്രകടമാകുന്ന ഏകത്വമാണ് റാഫി യുടെ ജീവിതദർശനത്തിന്റെ കാതൽ. ഈ ദർശനം തികച്ചും ഭാരതീയമാണെന്ന തുപോലെ ആഗോളപ്രസക്തവുമാണ്. 'നാനൃഷികവി' എന്ന സൂക്തം റാഫിയിൽ പ്രത്യക്ഷത്തിൽത്തന്നെ ആശയസാധുത കൈവരിക്കുന്നു. റാഫിയിൽ അന്തർലീ നമായിരുന്ന ഋഷിത്വം സ്പഷ്ടമാകുന്നിടത്താണ് അദ്ദേഹത്തിന്റെ സർഗ്ഗാത്മക ജീവിതം പൂർത്തിയാകുന്നത്. അനീതിയും അസത്യവും ഉപേക്ഷിച്ച്, സത്യവും നീതിയും പുനഃസ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യണമെന്ന് ധ്വനിമാര്യാദ യോടും പലപ്പോഴും സ്പഷ്ടമായും നിർദ്ദേശിക്കുന്നതാണ് റാഫിയുടെ വ്യക്തിജീവി തവും സാഹിത്യജീവിതവും.

റാഫിയുടെ രചനാജീവിതത്തിൽ വന്നുചേർന്ന സ്ഥായിയായ പരിണാമത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് സി. പി. ശ്രീധരൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു: "ചിന്തി പ്പിക്കുക, പരിവർത്തിപ്പിക്കുക ഇവയായിരന്നു റാഫിയുടെ സാഹിത്യരചനാലക്ഷ്യം. ആദ്യകാല രചനകളിൽനിന്നും അന്ത്യഘട്ട രചനകളിലെത്തുമ്പോഴേക്കും ഈ ചിന്തയും പരിവർത്തനവും ബാഹ്യഭാവത്തിൽനിന്നും സൂക്ഷ്മത്തിലേക്കും വാച്യ ത്തിൽനിന്നും ധ്വന്യാത്മകസംയമത്തിലേക്കും പരിണമിച്ചിട്ടുണ്ട്"[44]. റാഫിയിൽ കാലാ ന്തരത്തിൽ വന്നുചേർന്ന സൃഷ്ടിപരമായ വികാസത്തെ വ്യക്തമാക്കുന്ന നിരീക്ഷ ണമാണിത്. റാഫിയുടെ സാഹിത്യജീവിതത്തിന്റെ ബഹുമുഖത്വവും അദ്ദേഹം ആവിഷ്കരിച്ച ദാർശനികചിന്തകളുടെ മൗലികത്വവുമാണ് ഇതര സമകാലികഎഴു ത്തുകാരിൽനിന്നും അദ്ദേഹത്തെ വേർതിരിച്ചു നിർത്തിയത്.

തന്റെ ജന്മനാടിന്റെ സവിശേഷമായ ഭൂമിശാസ്ത്രവും ഉൾപ്പെട്ട മതവിഭാഗ ത്തിനുള്ളിലെ സാമൂഹികജീവിതചുറ്റുപാടുകളും ഒരു സങ്കരവർഗ്ഗ സംസ്കൃതിയു

മായുള്ള ഗാഢമായ ബന്ധവുമാണ് പോഞ്ഞിക്കര റാഫി എന്ന എഴുത്തുകാരനെ രൂപപ്പെടുത്തിയ മുഖ്യ ഘടകങ്ങൾ. പോഞ്ഞിക്കരയുടെ സവിശേഷ ഭൂപ്രകൃതി റാഫി യിൽ അങ്ങേയറ്റം സ്വാധീനംചെലുത്തി. കൈസ്തവസമൂഹത്തിന്റെ ആചാരവിശേ ഷങ്ങളുമായും സാമൂഹികശൈലികളുമായും സമ്പർക്കം പുലർത്തിയപ്പോഴും മത പൗരോഹിത്യ നിലപാടുകളോടുള്ള വിയോജിപ്പ് റാഫി സ്വന്തം കൃതികളിലൂടെ പ്രകടമാക്കിയിരുന്നു. തന്റെ സാമൂഹികചുറ്റുപാടുകളുമായി ആഴമായ ബന്ധം പുലർത്തുകയും ഒരു സ്വപ്നജീവിതത്തെ പിന്തുടരുകയുംചെയ്ത റാഫിയുടെ മനോ ലോകം 'സ്വർഗ്ഗദൂത'നിൽ വായിച്ചെടുക്കാൻ കഴിയും.

പോഞ്ഞിക്കരയുടെ പരിമിതവൃത്തത്തിൽനിന്ന് വിശാലമായ ലോകസങ്കല് പത്തിലേക്ക് ഈ എഴുത്തുകാരൻ പരിണമിക്കുന്നുണ്ട്. ഒരു സവിശേഷകാലഘട്ടം എഴുത്തുകാരനിൽ വരുത്തിയ മാറ്റമാണിത്. നവീനവിജ്ഞാനധാരകളും ഇന്ത്യൻ ദേശീയപ്രസ്ഥാനവും കേരളത്തിന്റെ സാമൂഹികവിപ്ലവപരിസരവും സാമുദായികാ ന്തരീക്ഷത്തോടുള്ള വിമർശനാത്മക നിലപാടുകളും റാഫിയുടെ സർഗ്ഗാത്മക ജീവിതം പരിവർത്തനപ്പെടുന്നതിന് കാരണമായിട്ടുണ്ട്. കാലഘട്ടത്തിന്റെ ശക്തമായ പ്രേരണകളോടൊപ്പം എഴുത്തുകാരന്റെ തനതായ അഭിരുചികളും പരമമായ ജീവിതസത്യത്തെക്കുറിച്ചുള്ള ഉദാത്തമായ ദർശനങ്ങളും ഇത്തരമൊരു പരിണാമ ത്തിന് പിന്നിലുണ്ട്. റാഫിയുടെ സർഗ്ഗാത്മകകൃതികളെയും വൈജ്ഞാനികകൃതി കളെയും പ്രത്യേകമായെടുത്ത് തുടർന്നുള്ള അധ്യായങ്ങളിൽ പഠിക്കുന്നു.

പോഞ്ഞിക്കരറാഫി എന്ന എഴുത്തുകാരന്റെ സർഗ്ഗാത്മകജീവിതത്തെ വ്യക്തി, സമൂഹം, സാഹിത്യം എന്നീ പരിപ്രേക്ഷ്യങ്ങളിലൂടെ അനുസന്ധാനം ചെയ്യുമ്പോൾ എത്തിച്ചേരുന്ന നിഗമനങ്ങൾ താഴെപ്പറയുന്നവയാണ്.

- റാഫിയുടെ മനോഘടനയെ ചിട്ടപ്പെടുത്തിയതിൽ പോഞ്ഞിക്കര ദ്വീപിന്റെ ഭൂമി ശാസ്ത്രവും ദ്വീപിലെ സവിശേഷ ജീവിതാവസ്ഥകളും കുടുംബപാരമ്പര്യത്തിലെ സങ്കരസംസ്കാരശൈലികളും കലാപ്രതിപത്തിയും നിർണ്ണായക ഘടകമായിട്ടുണ്ട്.
- ക്രൈസ്തവസംസ്കാരത്തോടും ആത്മീയതയോടും ഉണ്ടായിരുന്ന ആരാധനാ

മനോഭാവവും ഭാരതത്തിലെ വേദേതിഹാസങ്ങളോടുണ്ടായിരുന്ന അന്വേഷണാത്മകമായ അഭിനിവേശവും താനുൾപ്പെട്ടിരുന്ന ലത്തീൻ കത്തോലിക്കാസമുദായത്തിന്റെ ആചാരബദ്ധമായ ജീവിതശൈലികളെ തിരുത്തിയെടുക്കുവാനുള്ള താല്പര്യവും റാഫിയുടെ രചനകളുടെ മുഖ്യ പ്രേരകശക്തികളായിരുന്നു.

- റാഫി ജീവിച്ചുവന്ന കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ അദ്ദേഹത്തെ പ്രബുദ്ധചിത്തനാക്കിയിരുന്നു. അന്നത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ ഉയർത്തിയ വെല്ലുവിളികളോട് സർഗ്ഗാത്മകമായി ഇടപെടുവാൻ റാഫി സന്നദ്ധനാകുകയും ചെയ്തു.
- ഒരു യഥാർത്ഥ തൊഴിലാളി എന്ന നിലയിൽ റാഫിയുടെ ജീവിതവീക്ഷണം ചൂഷിതരോട് താദാത്മ്യപ്പെടുന്നതിന് അനുകൂലമായിരുന്നു.
- മലയാളസാഹിത്യത്തിലെ നവോത്ഥാന കാലഘട്ടത്തിലും നവോത്ഥാനനന്തരഘട്ടത്തിലും ആധുനികഘട്ടത്തിലും റാഫി സാഹിത്യജീവിതം നയിച്ചിരുന്നു. ഓരോഘട്ടത്തിലെയും സാഹിത്യത്തിലെ മുഖ്യാധാര പ്രവണതകളോട് സ്വകീയമായ ശൈലിയിൽ പ്രതികരിക്കുവാൻ റാഫിക്ക് കഴിഞ്ഞിട്ടുണ്ട്.
- ആധുനികഘട്ടത്തിൽ ശക്തമായി കടന്നുവന്ന നിഷേധാത്മക ജീവിതവീക്ഷണങ്ങൾ റാഫി എതിർക്കുകയും എല്ലായ്പ്പോഴും നവലോകനിർമ്മാണത്തിന് ഉതകുന്ന പ്രചോദനാത്മകമായ കർമ്മമാർഗ്ഗങ്ങൾ കണ്ടെത്താൻ ആശയപരമായി ശ്രദ്ധിക്കുകയും ചെയ്തു.
- സാഹിത്യരചനയോടൊപ്പം, പത്രപ്രവർത്തനം, പുസ്തകപ്രസാധനം തുടങ്ങിയ സാംസ്കാരികമായ വിഭിന്നമണ്ഡലങ്ങളിൽ സ്വന്തം പ്രവർത്തനശേഷി റാഫി തെളിയിച്ചിട്ടുണ്ട്.
- സ്വപ്നാത്മകവ്യക്തിത്വവും ആദർശസ്ഥൈര്യവും കാപട്യങ്ങളോടുള്ള വിട്ടുവീഴ്ചയില്ലാത്ത സമീപനങ്ങളും സാഹിത്യനിർമ്മിതിയെ ഗൗരവപൂർവ്വമായ ജീവിതദൗത്യമായി ഏറ്റെടുക്കാൻ റാഫിയെ പ്രേരിപ്പിച്ചിരുന്നു.
- ജീവിതത്തിന്റെ ഉപരിപ്ലവമായ പ്രശ്നങ്ങളിൽ നിന്നും പിന്മാറി അതിന്റെ അത്യഗാധതയിലെ നിഗൂഢതകൾ ഇഴപിരിച്ചെടുക്കാനുള്ള തീവ്രമായ അഭിവാഞ്ഛയാണ് റാഫിയുടെ രചനാജീവിതത്തിൽ സംഭവിച്ച അടിസ്ഥാനപരമായ മുന്നേറ്റം.

# കുറിപ്പുകൾ


1. അച്യുതൻ,എം. പാശ്ചാത്യ സാഹിത്യദർശനം. കോട്ടയം: നാഷണൽ ബുക്സ്റ്റാൾ,1967, പുറം 124.
2. Taine, Hyppolyte. Art as Historical Product. Newyork: The Modern Tradition, 1990, Page 254."A literary work is a transcript of Contemporary Manners and Customes and the sign of a Particular state of intellect".
3. മുരളീധരൻ, നെല്ലിക്കൽ. വിശ്വസാഹിത്യദർശനങ്ങൾ. കോട്ടയം: ഡി. സി. ബുക്സ്, 2010, പുറം 186.
4. വാലത്ത്, വി.വി.കെ. കേരളത്തിലെ സ്ഥലചരിത്രങ്ങൾ എറണാകുളം ജില്ല. തൃശൂർ: കേരളസാഹിത്യ അക്കാദമി, 2006, പുറം 275.
5. ബോണി തോമസ്. റാഫിയും ഞങ്ങൾ പോഞ്ഞിക്കര ദ്വീപുകാരും. കലാകൗമുദി, 1992, ഒക്ടോബർ 14.
6. അതിൽത്തന്നെ
7. മാത്യൂസ്, പി.എഫ്. തീരജീവിതത്തിന് ഒരു ഒപ്പീസ്. ഭാഷാപോഷിണി വാർഷിക പതിപ്പ്, 2012 ജൂൺ.
8. റാഫി, പോഞ്ഞിക്കര. എന്റെ ഗ്രാമം-പോഞ്ഞിക്കര. ലാവണ്യ മാസിക, പുസ്തകം 5, ലക്കം 10, 1980 ഒക്ടോബർ.
9. അതിൽത്തന്നെ.
10. റാഫിയുടെ സഹോദരപുത്രൻ ശ്രീ. ജോൺ ജോസഫുമായി പ്രബന്ധകർത്ത്രി 20-11-2010 ൽ നടത്തിയ അഭിമുഖം.
11. പോഞ്ഞിക്കര റാഫി സെബീന മനക്കിലിന് 11.5.1961 ൽ അയച്ച കത്ത് (സ്വകാര്യ ഗ്രന്ഥശേഖരത്തിൽ നിന്ന് ലഭിച്ചത്-അനുബന്ധം 3)
12. Pratima, Asher .A rebel writer with Futuristic thought. Indian express daily, cochin edition, 1989, July 1.
13. Freud, Sigmund. The Interpretation of Dreams. Newyork: Avon, 1965, Page 572.
14. Pratima, Asher .A rebel writer with Futuristic thought.Indian Express Daily Cochin edition, 1989, July 1.
15. മാത്യു, പി.വി. കേരളത്തിലെ നസ്രാണിക്രിസ്ത്യാനികൾ വാല്യം 1. എറണാകുളം: പി.വി.എം. പബ്ലിഷേഴ്സ്, 1991, പുറം 413.
16. അതിൽത്തന്നെ, പുറം 414.
17. രമേഷ് ചന്ദ്രൻ, വി. പൊൻകുന്നം വർക്കിയുടെ കഥകൾ പഠനം.കോട്ടയം: എസ് പി. സി. എസ്., 2000, പുറം 44.
18. മാധവവാര്യർ, മാടശ്ശേരി. എഴുത്തുകാരും എഴുത്തുകാരും. കോട്ടയം: എസ്.പി.സി.എസ്, 1956, പേജ് 77.

19. മേനോൻ,എം.എസ്. തെരഞ്ഞെടുത്ത കഥകൾ(പുസ്തകനിരൂപണം).മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 46 ലക്കം 12, 1968.
20. കൃഷ്ണപിള്ള, ചങ്ങമ്പുഴ. തുറന്നവാതിൽ. മംഗളോദയം, പുസ്തകം 23 ലക്കം 3,4 1122 മിഥുനം-കർക്കടകം.
21. റാഫി, പോഞ്ഞിക്കര. കടന്നുപോയ ദിവസങ്ങൾ. വാരാദ്യമാധ്യമം, 1987, ഡിസംബർ 20.
22. ജമാൽ, കൊച്ചങ്ങാടി: കലിയുഗത്തിൽ ഒരു സ്വർഗ്ഗദൂതനപ്പോലെ. വാരാദ്യമാധ്യമം, 1992, സെപ്തംബർ 13.
23. അതിൽത്തന്നെ.
24. റാഫി, പോഞ്ഞിക്കര.പാപികൾ. കോട്ടയം: എസ്.പി.സി.എസ്, 1990, പേജ് 179.
25. യൂസഫ്,സി.എം. സ്വർഗ്ഗരാജ്യത്തിന്റെ പ്രഭാഷകൻ. പ്രിയംവദ ദ്വൈവാരിക, 1969, ഏപ്രിൽ 1.
26. അതിൽത്തന്നെ.
27. ജമാൽ, കൊച്ചങ്ങാടി. കലിയുഗത്തിൽ ഒരു സ്വർഗ്ഗദൂതനപ്പോലെ. വാരാദ്യമാധ്യമം, 1992, സെപ്തംബർ 13.
28. മുഹമ്മദ് ബഷീർ, വൈക്കം. അവനെന്റെ പ്രിയ റാഫി പ്രേമോദാര ഹൃദയൻ. മലയാള മനോരമ ഡെയ്‌ലി, 1992, സെപ്തംബർ 7.
29. ബോണി തോമസ്. റാഫിയും ഞങ്ങൾ പോഞ്ഞിക്കര ദ്വീപുകാരും. കലാകൗമുദി, 1992, ഒക്ടോബർ 14.
30. മാധവവാര്യർ, മാടശ്ശേരി. എഴുത്തുകാരും എഴുത്തുകാരും. കോട്ടയം: എസ്.പി.സി.എസ്, 1956, പേജ് 78.
31. തരകൻ, കെ.എം. മലയാള നോവൽ സാഹിത്യചരിത്രം. തൃശൂർ: കേരള സാഹിത്യ അക്കാദമി, 2005, പുറം 164.
32. അപ്പൻ, കെ.പി. കലഹവും വിശ്വാസവും. കോട്ടയം: ഡി.സി. ബുക്സ്, 1994, പുറം 24.
33. റാഫി, പോഞ്ഞിക്കര.സ്വർഗ്ഗദൂതൻ. കോട്ടയം: എസ്.പി. സി.എസ്,1958, പുറം 51, 52
34. അതിൽത്തന്നെ, പുറം 352.
35. കുറുപ്പ്, കെ.കെ.എൻ. കർഷക സമരങ്ങളും മലയാള സാഹിത്യവും, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം (1901-2000) വാല്യം 2. തൃശൂർ : കേരളസാഹിത്യ അക്കാദമി, 2000, പുറം 130.
36. ആസാദ്. തൊഴിലാളിവർഗ്ഗ സമരങ്ങളും മലയാള സാഹിത്യവും, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം (1901-2000)വാല്യം 2. തൃശൂർ: കേരളസാഹിത്യ അക്കാദമി, 2000, പുറം 205.
37. ബാലറാം എം.പി. സ്വത്വത്തിന്റെയും സംസ്ക്കാരത്തിന്റെയും രൂപീകരണം സ്വാതന്ത്ര്യ പൂർവ്വ കേരളത്തിൽ, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം വാല്യം 2, പുറം 162.
38. അതിൽത്തന്നെ, പുറം 158.

39 ജമാലുദ്ദീൻ കുഞ്ഞ്, എം.ബഷീറിന്റെ കലയുംദർശനവും. കോഴിക്കോട്: മൾബറിപബ്ലി ക്കേഷൻ, 2000, പുറം 27.

40. വർക്കി, പൊൻകുന്നം. ഞാൻ കഥാകാരനായ കഥ, തെരഞ്ഞെടുത്ത കഥകൾ രണ്ടാം ഭാഗം. കോട്ടയം: എസ്.പി.സി.എസ്, 1968, പുറം 13.

41. തരകൻ, കെ.എം. മലയാള നോവൽസാഹിത്യചരിത്രം. തൃശൂർ: കേരള സാഹിത്യ അക്കാദമി, 2005, പുറം 215.

42. യൂസഫ്,സി.എം. സ്വർഗ്ഗരാജ്യത്തിന്റെ പ്രഭാഷകൻ. പ്രിയംവദ ദ്വൈവാരിക, 1969, ഏപ്രിൽ 1.

43. റാഫി, പോഞ്ഞിക്കര. ശുക്രദശയുടെ ചരിത്രം. (മുഖവുര) കോട്ടയം: ഡി.സി. ബുക്സ്, 1992, പുറം 9.

44. ശ്രീധരൻ, സി.പി. ഇന്നത്തെ സാഹിത്യകാരന്മാർ. കോട്ടയം: സാഹിത്യവേദി പബ്ലി ക്കേഷൻസ്, 1969, പുറം 1039.